പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി X
(SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (FOREST, ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്
## (2017 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2017)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2017 മേയ് 23-ാം തീയതി സമർപ്പിച്ചത്
(Presented on 23rd May, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X

## (SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

# (FOREST, ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്

## (2017 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2017)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under rule 239 (1) of the Rules of Proceedure and Conduct of Business in the Kerala Legislative Assembly]

788/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 19 |

# സബ്ജക്ട് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (2016-2018)

### ഘടന

<u>ചെയർമാൻ:</u>

ശ്രീ. കെ. രാജു,

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2016-2018 കാലയളവിലേക്കുള്ള സബ്ജക്ട് കമ്മിറ്റി X, 2016 ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 27-7-2016, 8-8-2016, 22-8-2016, 7-9-2016, 24-10-2016, 7-12-2016, 27-3-2017 എന്നീ തീയതികളിലായി 7 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 27-7-2016, 8-8-2016, 22-8-2016 എന്നീ തീയതികളിലെ യോഗങ്ങൾ 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായും 27-3-2017-ലെ യോഗം 2017-2018 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കും മറ്റ് മൂന്ന് യോഗങ്ങൾ സമിതിയുടെ പരിധിയിൽ വരുന്ന മറ്റ് വിഷയങ്ങൾ പരിഗണിക്കുന്നതിനും വേണ്ടിയായിരുന്നു. മേൽപ്പറഞ്ഞ സമിതിയോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 54% ആയിരുന്നു. ഈ റിപ്പോർട്ട് 4 ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സമിതി സൂക്ഷ്മപരിശോധന നടത്തിയ ധനാഭ്യർത്ഥനകളെയും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെയും സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും മൂന്നാം ഭാഗത്ത് സമിതി ചട്ടം 235 എ പ്രകാരം പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച വിശദാംശങ്ങളും നാലാം ഭാഗത്ത് സമിതിയുടെ പരിഗണനാ വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വച്ചത് സംബന്ധിച്ച വിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ട് കാലയളവിലെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2017 മേയ് 22-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2017 മേയ് 22.

# റിപ്പോർട്ട്

## ഭാഗം I

## സമിതി സൂക്ഷ്മപരിശോധന നടത്തിയ ധനാഭ്യർത്ഥനകളും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളും

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 27-7-2016, 8-8-2016 എന്നീ തീയതികളിൽ 2016-2017 സാമ്പത്തികവർഷത്തെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും ആയത് സംബന്ധിച്ച റിപ്പോർട്ട് 22-8-2016-ലെ സമിതിയോഗം അംഗീകരിക്കുകയും ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം
മേജർ ഹെഡ്-3435
എക്കോളജിയും എൻവയോൺമെന്റും

ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജല വിതരണവും ശുചീകരണവും
മേജർ ഹെഡ് 2215-02 106 വായു, ജല മലിനീകരണം തടയൽ
190 (98), കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ധനാഭ്യർത്ഥന നമ്പർ XXXIV—വനം

ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം

2. 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 7-9-2016-ലെ സമിതിയോഗം അംഗീകരിക്കുകയും 2016 ഒക്ടോബർ 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. സമിതിയുടെ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 24-10-2016-ലെ സമിതിയോഗം അംഗീകരിക്കുകയും 2016 നവംബർ 3-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ഭാഗം II

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷത്തെ സമിതി റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും

സമിതിയുടെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ 7-9-2016, 24-10-2016 തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-2016)

**വനം വകുപ്പ്**

ശിപാർശ

2406-01-101-81—വനസംരക്ഷണം

വനസംരക്ഷണത്തിന്റെ ഭാഗമായി സ്ഥിരമായ ജണ്ടകളും പ്രത്യേക പ്രദേശങ്ങളിൽ കരിങ്കൽ മതിലുകളും കെട്ടി അതിരുകൾ വേർതിരിക്കുന്നത് ഒരളവുവരെ വനം കയ്യേറ്റം തടയുന്നതിന് സഹായകമാകുന്ന എന്നും ഇതിനായി 2.47 ലക്ഷം ജണ്ടകളും 1175 കിലോമീറ്റർ കരിങ്കൽ ഭിത്തിയും നിർമ്മിക്കുന്നതിനായി ഇനിയും ഏകദേശം 4000 കിലോമീറ്റർ വനാതിർത്തിയുടെ അതിര് വേർതിരിക്കേണ്ടതുണ്ടെന്നും ആയതിലേക്ക് ആധുനിക സർവ്വെ ഉപകരണങ്ങൾ വാങ്ങൽ, വനം സർവ്വെ, അതിർത്തി നിർണ്ണയം, തകർന്ന ജണ്ടകളുടെ അറ്റകുറ്റപ്പണികൾ, യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികളും പരിപാലനവും, വനപരിപാലനവും വനാതിർത്തിയിൽ ജൈവവേലികളുടെ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തുന്നതിന് വയർലെസ് നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തൽ എന്നിവ ഈ വിഭാഗത്തിൽ ലക്ഷ്യമിട്ടിട്ടുള്ള പരിപാടികളാണെന്നും സമിതി മനസ്സിലാക്കുന്നു. വനസംരക്ഷണ സമിതികളുടെയും ഗവൺമെന്റേതര സംഘടനകളുടെയും സജീവ പങ്കാളിത്തത്തോടുകൂടി ഒരു പങ്കാളിത്ത മാതൃക രൂപീകരിച്ച് കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, ചന്ദന വനങ്ങൾ, ചോലവനങ്ങൾ, നെൽ വയലുകൾ തുടങ്ങിയ പ്രത്യേക ഇക്കോമേഖലയുടെ സംരക്ഷണം മുതലായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

2406-01-101-81—വനസംരക്ഷണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഈ സാമ്പത്തികവർഷം 1635 ലക്ഷം രൂപയാണ് പ്രാഥമികമായി അനുവദിച്ചത്. വന സംരക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായി അനുവദിച്ച തുക പരിമിതമായതിനാൽ സമിതിയുടെ ശിപാർശാനുസരണം G.O. (Rt.) No.2995/2016/Fin., dated 29-3-2016 സർക്കാർ ഉത്തരവ് പ്രകാരം Re-appropriation മുഖേന 50 ലക്ഷം രൂപ സർക്കാർ ഈ ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2406-01-101-80—<u>ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള തടിയിതര വനവിഭവങ്ങൾ</u>

തടിയിതര ഉൽപ്പന്നങ്ങളായ ഈറ, മുള, ഔഷധസസ്യങ്ങൾ തുടങ്ങിയവ നട്ടുവളർത്തുകയും പരിപാലിക്കുകയും ചെയ്യുക, വനസംരക്ഷണ സമിതിയുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോടുകൂടി ആദിവാസികൾക്ക് ശാസ്ത്രീയമായി വനവിഭവശേഖരണവും സംസ്കരണവും നടത്തുന്നതിനുള്ള പരിശീലനം നൽകുക, ഔഷധസസ്യങ്ങൾ വളരുന്ന പ്രദേശങ്ങൾ സംരക്ഷിക്കുകയും തടിയിതര വനവിഭവങ്ങൾ പരിപാലിക്കുകയും ചെയ്യുക, തുടങ്ങിയ വിവിധ പദ്ധതികൾക്കായും 250 ഹെക്ടർ പ്രദേശത്ത് പുതിയതായി തടിയിതര വനഉൽപ്പന്നങ്ങളും ഔഷധ ഉൽപ്പന്നങ്ങളും ഈ വർഷം വച്ചുപിടിപ്പിക്കുന്നതിനും മുൻ വർഷങ്ങളിൽ വച്ചുപിടിപ്പിച്ച 1000 ഹെക്ടർ പ്രദേശത്തെ തോട്ടങ്ങൾ പരിപാലിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

2406-01-101-80 ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടുത്തിയിട്ടുള്ള തടിയിതര വനവിഭവങ്ങൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഈ സാമ്പത്തികവർഷം 220 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ അനുവദിച്ച തുക തൻവർഷം പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-01-101-80—ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള തടിയിതര വനവിഭവങ്ങൾ

സംസ്ഥാനത്ത് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഓരോ വർഷവും വൃക്ഷത്തൈകൾ നട്ടുവരുന്നുണ്ടെങ്കിലും വേണ്ടത്ര പരിപാലനം ലഭിക്കാത്തതു നിമിത്തം അവ നശിച്ചുപോകുന്ന സ്ഥിതിയാണ് നിലവിലുള്ളതെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ, സ്കൂളുകളിൽ 'നക്ഷത്രവനങ്ങൾ' എന്നപേരിൽ ഓക്സിജൻ സർക്കുലേഷൻ കൂടുതലായുള്ള ഏഴിനം മരങ്ങൾ വച്ചുപിടിപ്പിക്കൽ, ഔഷധസസ്യകൃഷി വ്യാപിപ്പിക്കുക, 'കട്ടിവനം' പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികൾക്കായി ഒരു കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

4406-01-105-87—തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ

4406-01-105-87(01)—വൻമരത്തോട്ടങ്ങൾ

ദീർഘകാലം നിലനിൽക്കുന്ന വൃക്ഷങ്ങളായ ഈട്ടി, കമ്പകം, വെള്ളകിൽ, മറ്റു മരങ്ങൾ എന്നിവയുടെ തൈകൾ നട്ട് പരിപാലിക്കുന്നതിനും പുതിയതായി മരങ്ങൾ വച്ചുപിടിപ്പിക്കൽ, മാതൃകാ തേക്ക്തോട്ടം വച്ചുപിടിപ്പിക്കൽ, വൻമരങ്ങളുടെ പരിപാലനം, നവീനയന്ത്രങ്ങൾ വാങ്ങുക തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായും 4406-01-105-87 (01) എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

അധികമായി തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

4406-01-105-87(02)—വ്യാവസായിക അസംസ്കൃത വസ്തുക്കൾ

വ്യാവസായിക ആവശ്യത്തിനുപയോഗിക്കുന്ന യൂക്കാലിപ്റ്റ്സ്, അക്കേഷ്യ എന്നീ മരങ്ങളും മറ്റ് മരങ്ങളും വച്ചു പിടിപ്പിക്കുക, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഫാക്ടറിക്ക് നൽകുവാനായി മുറിച്ചുമാറ്റുന്ന തോട്ടങ്ങളിൽ പുതിയ തൈകൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ പ്രസ്തുത പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

4406-01-105-87 (02) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 690 ലക്ഷം രൂപയാണ് അനുവദിച്ചത്. തൻ വർഷ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-02-110-68—ജൈവവൈവിധ്യ സംരക്ഷണം

വനം-വന്യജീവി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനു വേണ്ടിയുള്ള പ്രത്യേക പരിപാടികൾ, പ്രകൃതിദത്തമായ പൈതൃക പ്രദേശങ്ങൾ സംരക്ഷിക്കൽ, കണ്ടൽക്കാടുകൾ, കാവുകൾ എന്നിവ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പങ്കാളിത്ത പരിപാടികൾ, ദേശാടനപക്ഷികളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പരിപാടികൾ, വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ഇനങ്ങളുടെ ഗവൺമെന്റിതര സംഘടനകളുടെ പങ്കാളിത്തത്തോടെയുള്ള സംരക്ഷണം തുടങ്ങിയവ ഉൾപ്പെടുന്ന ഈ പദ്ധതിയിൽ പ്രകൃതിയെക്കുറിച്ച് പഠിക്കുവാനുള്ള ക്യാമ്പുകളും പൊതുജനങ്ങൾക്കായുള്ള ബോധവൽക്കരണ ക്യാമ്പുകളും സംഘടിപ്പിക്കുക, മിഷൻ-676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികളായ 'ഇക്കോ കേഡറ്റ്സ്', 'കുരുവിക്കൊരു കൂട് ', പ്രകൃതിമിത്ര അവാർഡ് എന്നിവയും ഉൾപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്നു കാണുന്നതിനാൽ 350 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2406-02-110-68 ജൈവവൈവിധ്യ സംരക്ഷണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-02-110-56—പരിസ്ഥിതി വികസന പരിപാടി

വനവിഭവ പരിപാലനത്തിന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം നടത്തുക, വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള ബദൽ സംവിധാനങ്ങൾക്കുള്ള സഹായം നൽകുക, വനവിഭവപരിപാലനം തുടങ്ങിയ

പദ്ധതികൾക്കും മെഡിക്കൽ ക്യാമ്പുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സംഘടിപ്പിക്കുക, കോളനികളിലുള്ള പട്ടികവർഗ്ഗക്കാർക്ക് വിളകളും മറ്റ് പഴവർഗ്ഗങ്ങളും കൃഷിചെയ്യാനുള്ള പ്രോത്സാഹനം നൽകുക, വനത്തിന് സമീപം അധിവസിക്കുന്നവർക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ, എന്നിവയ്ക്കു പുറമേ മിഷൻ '676'-ൽ ഉൾപ്പെടുത്തിയിട്ടുള്ള 'ഊരിനുണർവ് കാടിനുണർവ്" എന്ന പദ്ധതിയുടെ നടത്തിപ്പ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ 150 ലക്ഷം രൂപ അധികമായി ഇതിലേക്കായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2406-01-800-55—<u>സാമൂഹിക വനവിപുലീകരണവും കാർഷിക വനവൽക്കരണവും</u>
(01) <u>വനവിപുലീകരണം</u>

1988-ലെ ദേശീയ വന നയത്തിൽ മൊത്തം ഭൂവിസ്തൃതിയുടെ മൂന്നിൽ ഒരു ഭാഗത്ത് വൃക്ഷവിന്യാസം ഉണ്ടാകണമെന്ന് നിഷ്കർഷിക്കുന്നു. അതിന്റെ ഭാഗമായി വീട്ടുവളപ്പിലും, മറ്റ് പ്രദേശങ്ങളിലും വ്യാപകമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പരിപാടി പൊതുജനങ്ങളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുക, വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'എന്റെ മരം, നമ്മുടെ മരം'; 'വഴിയോര തണൽ' എന്നീ പദ്ധതികൾ സ്കൂൾ കോളേജ് കാമ്പസുകൾ, പൊതുസ്ഥലങ്ങൾ, റെയിൽവേയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദികൾ, അരുവികൾ, കനാലുകൾ എന്നിവയുടെ കരകളിലും വ്യാപിപ്പിക്കുക, വൃക്ഷത്തൈ നട്ട് പരിപാലിക്കുന്ന നടപടി എന്നിവ കാര്യക്ഷമമായി നടന്നുവരുന്നതായി സമിതി വിലയിരുത്തുന്നു. അതോടൊപ്പം സിറ്റിസൺ റൂറൽ സർവ്വേ പ്രോഗ്രാം, നിലവിലുള്ളതും നശിച്ചുകൊണ്ടിരിക്കുന്നതുമായ പാർക്കുകളുടെ നവീകരണം, പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ഇടുക്കി ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിൽ ചോലവനങ്ങൾ വച്ചുപിടിപ്പിക്കൽ, പ്രകൃതി ക്യാമ്പുകൾ സംഘടിപ്പിക്കൽ, നൂതന സാമൂഹിക വനവത്ക്കരണ പരിപാടികൾ നടപ്പാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കൽ, ഫോറസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികളും സംസ്ഥാനത്ത്

സമാന്തരമായി നടന്നുവരുന്നതായ വിവരവും സമിതി മനസ്സിലാക്കി. എന്നാൽ, മേൽവിവരിച്ച പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ 700 ലക്ഷം രൂപ അധികമായി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2406-01-800-56—<u>മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

വനാതിർത്തികളിൽ താമസിക്കുന്ന മനുഷ്യരുടെ ജീവനും, കന്നുകാലികൾക്കും വിളകൾക്കും വന്യമൃഗങ്ങളിൽ നിന്നും നാശമുണ്ടാകുന്ന ഒരു അവസ്ഥ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നേരിടുന്ന ഒരു പ്രശ്നമാണ്. വന്യമൃഗങ്ങളിൽ പ്രത്യേകിച്ചും ആനകൾ, കാട്ടുപന്നികൾ, കടുവകൾ, കരടികൾ, വിഷപ്പാമ്പുകൾ എന്നിവ തുടർച്ചയായി മനുഷ്യനും വിളകൾക്കും ഭീഷണിയാകുന്നു. കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് ആനകിടങ്ങുകൾ, പരുക്കൻ കല്ലുകൾ ഉപയോഗിച്ചുള്ള ഭിത്തികൾ, സൗരോർജ്ജ വേലികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, വനത്തിനുള്ളിലെ താമസക്കാരെ പുനരധിവസിപ്പിക്കുക, വന്യമൃഗങ്ങളുടെ ആക്രമണത്തിലൂടെ ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുക തുടങ്ങിയ പദ്ധതികൾക്കും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള കൃഷിരക്ഷാ പദ്ധതികൾക്കായും ഈ സാമ്പത്തിക വർഷം അനുവദിച്ച തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ, മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിനായി ഈ വർഷം 24200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

വന്യമൃഗങ്ങളുടെ ആക്രമണം നിമിത്തം ജീവഹാനി സംഭവിക്കുന്നതിന് നൽകുന്ന പരമാവധി നഷ്ടപരിഹാരത്തുക പത്തുലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നും

മനുഷ്യ-മൃഗസംഘർഷ ലഘൂകരണമാർഗ്ഗങ്ങൾക്കായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള തുക പൂർണ്ണമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതോടൊപ്പം വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിലെ വകുപ്പ് 40 (4)-ൽ പരാമർശിച്ചിരിക്കുന്ന രജിസ്ട്രേഷൻ ഇല്ലാത്ത നാട്ടാനകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുവാനും അപ്രകാരം രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്നും ഫീസിനത്തിൽ 2 ലക്ഷം രൂപയും, വർഷംതോറും രജിസ്ട്രേഷൻ പുതുക്കുന്നതിനായി 25,000 രൂപയും ഈടാക്കുവാനും പ്രസ്തുത തുക ആനപരിപാലനത്തിനായി ഉപയോഗപ്പെടുത്താനും ആവശ്യമായ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

നഷ്ടപരിഹാര തുക 5 ലക്ഷമായി വർദ്ധിപ്പിച്ചുകൊണ്ട് 17-11-2014-ലെ സ.ഉ.(എം.എസ്.) നമ്പർ 96/2014/വനം നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ട് ഒരു വർഷം മാത്രമായിട്ടുള്ള സാഹചര്യത്തിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും നിലവിലുള്ള നഷ്ടപരിഹാരത്തുക 10 ലക്ഷമായി വർദ്ധിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

രജിസ്ട്രേഷൻ ഇല്ലാത്ത നാട്ടാനകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനായി ആന ഉടമസ്ഥന് ഒറ്റത്തവണ അവസരം (one time opportunity) നൽകുന്നതിനായി G.O.(Rt.) 84/2016/F&WLD., dated 16-2-2016 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

<u>ശിപാർശ</u>

2406-02-110-48—<u>പുത്തൂർ സുവോളജിക്കൽ പാർക്ക് വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം</u>

തൃശ്ശൂർ മൃഗശാലയിലെ പക്ഷികളെയും മൃഗങ്ങളെയും കൂടുതൽ സ്ഥലസൗകര്യമുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റുക, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പക്ഷിമൃഗാദികളെ പ്രത്യേകമായി പരിപാലിക്കുന്നതിന് വനം വകുപ്പിന്റെ തൃശ്ശൂർ ഡിവിഷന്റെ കീഴിലുള്ള പട്ടിക്കാട് റെയിഞ്ചിൽ പുത്തൂർ വനഭൂമിയിൽ 136 ഹെക്ടർ പ്രദേശത്ത് സുവോളജിക്കൽ പാർക്ക് സ്ഥാപിക്കുക, പ്രസ്തുത പാർക്കിൽ 70-ൽപരം വിവിധ ഇനത്തിലുള്ള

പക്ഷികളെയും മൃഗങ്ങളെയും പ്രകൃതിദത്തമായ തുറന്ന അന്തരീക്ഷത്തിൽ സംരക്ഷിച്ച് പ്രദർശിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതായി സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. എന്നാൽ, ഇതിലേക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ 2800 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്നും അതോടൊപ്പം തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ നവീകരണത്തിനായി നടപ്പുവർഷം 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

**നോൺ പ്ലാൻ**

<u>ശിപാർശ</u>

2406-01-105-99—<u>ഗവൺമെന്റ് ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുല്പന്നങ്ങളും സംഭരിക്കുന്നതിന്</u>

വനം വകുപ്പിൽ നിന്നും സർക്കാരിന് മുഖ്യവരുമാനം ലഭിക്കുന്ന തേക്ക് തോട്ടങ്ങളിൽ നിന്നും മരങ്ങൾ മുറിച്ച് തടിയും വിറകും ശേഖരിക്കുക, വനത്തിൽ കാറ്റിൽ പിഴുതുവീണതും ഉണങ്ങിയതുമായ മരങ്ങൾ മുറിച്ച് തടി ശേഖരിക്കുക, ഏജൻസികൾ വഴി വനത്തിൽ നിന്നും തടിയും മറ്റുല്പന്നങ്ങളും ശേഖരിക്കുക തുടങ്ങിയ ചെലവുകൾക്കായി ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 700 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

2406-01-105-99 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഈ സാമ്പത്തികവർഷം 2348.50 ലക്ഷം രൂപയാണ് പ്രാഥമികമായി വകയിരുത്തിയത്. കൂടാതെ സർക്കാർ ഉത്തരവ് G.O.(Rt.) 565/16 Fin. Dated 20-1-2016 പ്രകാരം 200 ലക്ഷം രൂപ Re-appropriation മുഖേന അധികമായി വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

## 2406-01-105-94—കന്നുകാലികൾ

വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആന, മാൻ തുടങ്ങിയ മൃഗങ്ങളുടെ സംരക്ഷണം, മൃഗശാലയുടെ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2406-01-105-94—കന്നുകാലികൾ എന്ന ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 256.18 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. 7-7-2015-ലെ G.O.(Rt.) No.6317/15/Fin. നമ്പർ ഉത്തരവ് പ്രകാരം എസ്.ഡി.ജി. മുഖേന 100 ലക്ഷം രൂപയും ധനപുനർവിനിയോഗം വഴി 07.89 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ വഴി 26-8-2015-ലെ G.O. (Rt.) No.7745/2015 പ്രകാരം 65.57 ലക്ഷം രൂപയും G.O.(Rt.) 565/16/Fin. dated 20-1-2016, G.O.(Rt.) 3330/16/Fin. dated 31-3-2016 എന്നിവ പ്രകാരം യഥാക്രമം 42.32 ലക്ഷം രൂപയും 29 ലക്ഷം രൂപയുമായി ആകെ 493.07 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതായത് പ്രാഥമിക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അധികമായി 236.89 ലക്ഷംരൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. പ്രസ്തുത ശീർഷകത്തിൽ താഴെ പറയും പ്രകാരം 27.00 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

| ക്രമ നമ്പർ | ശീർഷകം | ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ) | അധികം ആവശ്യമുള്ള സംഖ്യ(രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2406-01-001-99-ചീഫ് കൺസർവേറ്ററുടെ ആഫീസ് 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 9.39 | 10.61 |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 2406-01-001-98-സർക്കിൾ കൺസർവേറ്ററുടെ ആഫീസ് 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 2.42 | 3.58 |
| 3 | 2406-01-001-97 പ്രവർത്തന പദ്ധതിക്കും ഗവേഷണത്തിനുമായുള്ള സർക്കിൾ 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 0.58 | 2.42 |
| 4 | 2406-01-001-95-ജില്ലാആഫീസുകൾ 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 19.61 | 10.39 |
| | ആകെ | 32.00 | 27.00 |

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനായി വിവിധ ശീർഷകങ്ങളിൽ ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക 32 ലക്ഷമാണ്. കൂടാതെ G.O.(Rt.) 565/16 dated 20-1-2016 പ്രകാരം 2406-01-101-99-1(4-MR)-NP ശീർഷകത്തിൽ 7 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ശിപാർശ

അതുപോലെ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത, വിവിധ ഓഫീസുകളുടെ വൈദ്യുതി ചെലവ് എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുകയും അപര്യാപ്തമാണെന്ന് കാണുന്നതിനാൽ വ്യത്യസ്ത ശീർഷകങ്ങളിൽ താഴെ പറയുംപ്രകാരം യാത്രാബത്ത ഇനത്തിൽ 42.15 ലക്ഷം രൂപയും വൈദ്യുതി ചെലവിനത്തിൽ 50.00 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എ. യാത്രാബത്ത

| ക്രമ നമ്പർ | ശീർഷകം | ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ) | അധികം ആവശ്യമുള്ള സംഖ്യ(രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2406-01-001-99-ചീഫ് കൺസർവേറ്ററുടെ ആഫീസ് 04(1) യാത്രാബത്ത | 17.60 | 7.40 |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 2406-01-001-98-സർക്കിൾ കൺസർവേറ്ററുടെ ആഫീസ് 04 (1) യാത്രാബത്ത | 5.50 | 9.50 |
| 3 | 2406-01-001-97 പ്രവർത്തന പദ്ധതിക്കും ഗവേഷണത്തിനുമായുള്ള സർക്കിൾ 04 (1) യാത്രാബത്ത | 0.75 | 4.25 |
| 4 | 2406-01-001-96-വിജിലൻസും വിലയിരുത്തലും വിഭാഗം 04(1) യാത്രാബത്ത | 19.80 | 6.00 |
| 5 | 2406-01-001-95-ജില്ലാ ആഫീസുകൾ 04 (1) യാത്രാബത്ത | 48.04 | 15.00 |
| | ആകെ | 91.69 | 42.15 |

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത ഇനത്തിലേക്കായി ഈ സാമ്പത്തിക വർഷം 91.69 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക തൻവർഷത്തെ ചെലവിന് പര്യാപ്തമായതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

ബി. വൈദ്യുതി ചെലവ്

| ക്രമ നമ്പർ | ശീർഷകം | ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ) | അധികം ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2406-01-001-99-ചീഫ് കൺസർവേറ്ററുടെ ആഫീസ് 05(2) വൈദ്യുത ചെലവ് | 25.30 | 50.00 |

<u>സ്വീകരിച്ച നടപടി</u>

വൈദ്യുതി ചെലവ് ഇനത്തിൽ ഈ സാമ്പത്തിക വർഷം 25.30 ലക്ഷം രൂപ അനുവദിച്ചിരുന്നു. കൂടാതെ 66.70 ലക്ഷം രൂപ G.O.(Rt.) 565/16/Fin. Dated 20-1-2016 പ്രകാരം Re-appropriation മുഖേന അധികമായി വകയിരുത്തിയിട്ടുണ്ട്.

**ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം**

<u>ശിപാർശ</u>

3452-01-102-89—<u>കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ മാലിന്യവിമുക്ത മേഖലയാക്കൽ</u>

സംസ്ഥാനത്തെ 14 ജില്ലകളിലെയും കുടുംബശ്രീകളെ ഉൾപ്പെടുത്തിയാണ് ടൂറിസ്റ്റ് കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്ന പ്രവൃത്തികൾ നടത്തിവരുന്നത്. എന്നാൽ പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തി അവിടം മാലിന്യമുക്തമാക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന 400 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഈ ഇനത്തിൽ അധികമായി 200 ലക്ഷം രൂപ പദ്ധതി വിഹിതമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

2015-2016 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി ലഭിച്ച 400 ലക്ഷം രൂപയുടെ പദ്ധതികൾ മാത്രമാണ് ഈ വകുപ്പിൽ നിന്ന് നടപ്പാക്കിയത്. ലഭ്യമായ പദ്ധതി വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് തുക ചെലവഴിച്ചതിനാൽ അധിക തുക ആവശ്യമായി വന്നിട്ടില്ല.

<u>ശിപാർശ</u>

3452-80-104-99—<u>പരിസ്ഥിതി, സംസ്കാരം, പൈതൃകം എന്നിവയുടെ പരിപാലനവും സംരക്ഷണവും</u>

കേരളത്തിന്റെ സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽ നൽകുന്ന പരിപാടികളുടെ ഭാഗമായി ഉത്സവങ്ങൾ, മേളകൾ, വിവിധ മത്സരങ്ങൾ, ബിനാലെകൾ തുടങ്ങിയവ സംഘടിപ്പിക്കുക, സാമ്പത്തിക സഹായം ലഭ്യമാക്കുക എന്നിവയ്ക്കായി മേൽപ്പറഞ്ഞ ബഡ്ജറ്റ് ഹെഡിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ ആയതിലേക്കായി 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

ഈ ബഡ്ജറ്റ് ഹെഡ്ഡിൽ അനുവദിച്ച 650 ലക്ഷം രൂപയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ശിപാർശ ചെയ്ത അധികം തുകയുള്ള പദ്ധതികൾ 2015-2016 സാമ്പത്തിക വർഷം ലഭിക്കാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

3452-80-104-98-34—<u>ടൂറിസം-വിപണനവും പ്രോത്സാഹനവും</u>

ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ മുൻനിരസ്ഥാനം നിലനിർത്തുന്നതിനും ആഗോള തലത്തിൽ മികച്ച ടൂറിസം ബ്രാൻഡായി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിനോദസഞ്ചാര വകുപ്പ് നൂതന വിനോദസഞ്ചാര ഉത്പന്നങ്ങളിലും പുതിയ മാർക്കറ്റുകളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനായി രാജ്യത്തിനകത്തും പുറത്തും വ്യാപാരമേളകളിൽ പങ്കെടുക്കുക, റോഡ് ഷോകൾ നടത്തുക, ടൂർ ഓപ്പറേറ്റേഴ്സ്/പ്രമുഖ ട്രാവൽ റൈറ്റേഴ്സ്/പത്ര പ്രവർത്തകർ എന്നിവർക്കായുള്ള ട്രിപ്പുകൾ സംഘടിപ്പിക്കുക, പ്രിന്റ്/ടി.വി/ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങളിലൂടെ പരസ്യം നൽകുക, സിനിമയിലൂടെയുള്ള പരസ്യ പ്രദർശനം, ചാർട്ടർ ഫ്ലൈറ്റ്, റേഡിയോയിലൂടെയുള്ള പരസ്യം നൽകുക, ഗുഡ്‌വിൽ പരസ്യങ്ങൾ നൽകുക, മലബാറിലെ പാരമ്പര്യ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. ഇന്റർനെറ്റിലൂടെയുള്ള പ്രചരണത്തിന്റെ ഭാഗമായി സോഷ്യൽ മീഡിയകളായ ട്വിറ്റർ, ഫേസ്ബുക്ക്, യൂട്യൂബ് എന്നിവ വഴിയുള്ള വിപണനവും വിസിറ്റ് കേരള, ഗ്ലോബൽ ആയുർവ്വേദ ക്യാമ്പയിൻ എന്നിവയിലൂടെയുള്ള വിപണനവും ലക്ഷ്യമിടുന്നു. ഇത്തരം പദ്ധതികൾക്കായി 700 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

2015-2016-ലെ ബഡ്ജറ്റ് വിഹിതമായ 3100 ലക്ഷം രൂപയുടെ പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് നടപ്പാക്കാൻ കഴിഞ്ഞത്. പുതിയ പദ്ധതികൾ ആവിഷ്കരിക്കാത്തിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

ശിപാർശ

3452-80-800-97—വിനോദസഞ്ചാര സ്ഥാപനങ്ങളുടെ നവീകരണവും ശക്തിപ്പെടുത്തൽ നടപടികളും

അന്തർദേശീയ നിലവാരത്തിൽ ടൂറിസം കേന്ദ്രങ്ങളെ ആധുനിക വൽക്കരിക്കുന്നതിനായി 1.5 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ കേരളത്തിൽ എത്തുന്ന വിനോദസഞ്ചാരികളുടെ വരവിനനുസരിച്ച് അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ നൽകേണ്ടതാണ്. അതിലേക്കായി അധികമായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

2015-2016-ലെ ബഡ്ജറ്റ് വിഹിതമായ 150 ലക്ഷം രൂപയുടെ പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ആയതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

ശിപാർശ

3452-80-800-90 (26)-33—സ്വകാര്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം—സബ്സിഡി

ടൂറിസം മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ പ്രഖ്യാപിച്ച ടൂറിസം നയത്തിന്റെ ചുവടുപിടിച്ച് ടൂറിസം പദ്ധതികളുടെ അതിവേഗ ക്ലിയറൻസ് സംവിധാനം, ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പുതിയ സബ്സിഡി നടപ്പാക്കൽ, മാർക്കറ്റിംഗ് രംഗത്ത് പുത്തൻ സംരംഭകർക്കുള്ള സഹായം, ആയുർവ്വേദം, ഹോംസ്റ്റേ സംരംഭകർക്ക് വിദേശവും സ്വദേശീയവുമായ വിപണന സഹായം, മേളകളിൽ പങ്കെടുക്കൽ എന്നിവയ്ക്ക് ഉതകുന്ന പുതിയ സബ്സിഡി സമ്പ്രദായം എന്നിവ രൂപപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം ഈ പ്രക്രിയയ്ക്കായി വേണ്ട പരിശീലനം, ശാക്തീകരണം, അടിസ്ഥാന സൗകര്യ വികസനം, പാരമ്പര്യ ഊർജ്ജ ഉറവിട പദ്ധതികൾക്കായി സെമിനാർ, വർക്ക്ഷോപ്പ്, പ്രചരണം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി നടപ്പുവർഷത്തേക്ക് 600 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമായിരിക്കുമെന്നതിനാൽ ഈ ഇനത്തിൽ 400 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

2015-2016-ലെ ബഡ്ജറ്റ് വിഹിതമായ 600 ലക്ഷം രൂപയുടെ പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

3452-80-800-79—ജില്ലാ വിനോദസഞ്ചാര പ്രോത്സാഹന കൗൺസിലുകളും സന്ദർശക പ്രോത്സാഹന ബ്യൂറോകളും (ഡി.റ്റി.പി.സി.)

സംസ്ഥാനത്തെ ജില്ലകളുടെ വിവിധ ടൂറിസം പദ്ധതികൾക്കുവേണ്ടി പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിനും പദ്ധതി നിർവ്വഹണത്തിനുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത ബഡ്ജറ്റ് ഹെഡ്ഡിൽ അധികമായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

2015-2016 ലെ ബഡ്ജറ്റ് വിഹിതമായ 550 ലക്ഷം രൂപയുടെ പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ആയതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

ശിപാർശ

3452-80-800-34—ഉത്തരവാദിത്വത്തോടെയുള്ള വിനോദസഞ്ചാരം

സാമ്പത്തിക സാമൂഹിക പാരിസ്ഥിതിക മേഖലകളെ കൂട്ടിയിണക്കി സംഘടിത രൂപവും രൂപഭദ്രതയും സംയോജിപ്പിച്ച് ഇന്ത്യയിൽ ആദ്യമായി ഉത്തരവാദിത്ത ടൂറിസം സംരംഭങ്ങൾക്ക് തുടക്കം കുറിച്ച സംസ്ഥാനം കേരളമാണെന്നും, ദരിദ്ര ജനവിഭാഗങ്ങളോട് ആഭിമുഖ്യം പ്രദർശിപ്പിക്കുന്ന ടൂറിസം നയമാണ് കേരളാ ടൂറിസം നടപ്പിലാക്കുന്ന "ഉത്തരവാദിത്ത ടൂറിസം" എന്നാണ് കേന്ദ്ര പ്ലാനിംഗ് ബോർഡിന്റെ നയസമീപന രേഖകളിൽ ചൂണ്ടിക്കാട്ടുന്നതെന്നും പ്രാദേശിക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാവുന്ന ഒരു പരിഹാരക്രിയാമാതൃകയായാണ് ടൂറിസം വകുപ്പ് ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതെന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ മിഷൻ 676-ന്റെ ഭാഗമായി 120 ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

2015-2016-ലെ ബഡ്ജറ്റ് വിഹിതമായ 100 ലക്ഷം രൂപയുടെ പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ആയതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

<u>ശിപാർശ</u>

5452-01-190-96—<u>ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ</u>

ബി.ആർ.ഡി.സി.-യ്ക്ക് സ്വന്തമായി ഓഫീസും ഗസ്റ്റ് ഹൗസും പണിയുക, ബേക്കൽ എയർ സ്ട്രിപ്പിന്റെ നിർമ്മാണം, ബീച്ചുകളുടെയും ബസ് സ്റ്റേഷന്റെയും വികസനം, മറ്റനുബന്ധപ്രവർത്തനങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന 150 ലക്ഷം രൂപയ്ക്ക് പുറമെ 300 ലക്ഷം രൂപ അധികമായി ഈ ബഡ്ജറ്റ് ഹെഡ്ഡിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

2015-2016 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി ലഭിച്ച 150 ലക്ഷം രൂപയും സാമ്പത്തിക വർഷാവസാനത്തിൽ ELAMPS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

5452-01-800-84—<u>മുസിരീസ് -സ്പൈസ് റൂട്ട് പൈതൃക പദ്ധതി</u>

എറണാകുളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേന്നമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്ര സ്മാരകങ്ങളെ ബന്ധിപ്പിച്ച് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന മുസിരീസ് പൈതൃക സംരക്ഷണ പദ്ധതിക്കും, സ്പൈസ് റൂട്ട് പദ്ധതിക്കും സംസ്ഥാനത്തെ ഇതര ഹെറിറ്റേജ് പദ്ധതികൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ തുടർന്നുള്ള സുഗമമായ നടത്തിപ്പിന് 500 ലക്ഷം രൂപ അധികമായി മേൽ സൂചിപ്പിച്ച ബഡ്ജറ്റ് ഹെഡിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

2015-2016-ലെ ബഡ്ജറ്റ് വിഹിതമായ 1800 ലക്ഷം രൂപയുടെ പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ആയതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

## ഭാഗം III

**ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ സംബന്ധിച്ച വിശദാംശം**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം 2016 ഡിസംബർ 7-ാം തീയതി സമിതിയോഗം ചേർന്ന് "വനസംരക്ഷണ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ", "ഫോറസ്റ്റ് മേഖലയിൽ ഇക്കോട്ടൂറിസം" എന്നീ വിഷയങ്ങൾ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു.

## ഭാഗം IV

**സഭയുടെ മേശപ്പുറത്തു വച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശം**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വച്ചത് സംബന്ധിച്ച വിവരങ്ങൾ.

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|
| 2015-2016 | XXXIV—വനം | 19-10-2016 |
| | XLII—വിനോദസഞ്ചാരം | 8-11-2016 |

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2017 മേയ് 22.

## അനുബന്ധം
## യോഗനടപടിക്കുറിപ്പുകൾ

### 27-7-2016-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി, 2016 ജൂലൈ 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ VD സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ.കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ബി.ഡി. ദേവസ്സി, എം.എൽ.എ
2. ശ്രീ.എസ്. രാജേന്ദ്രൻ "
3. ശ്രീ. എ. എൻ. ഷംസീർ "
4. ശ്രീ. സണ്ണി ജോസഫ് "

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ്
2. ഡോ. ബ്രൻഡൻ എസ്. കോറി, ഹെഡ് ഓഫ് ഫോറസ്റ്റ്സ്
3. ശ്രീ. സി. എസ്. യാലക്കി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എസ്.എഫ്.)
4. ശ്രീ. കെ. ജി. മോഹൻലാൽ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.എം)
5. ശ്രീ. ടി. പി. നാരായണൻകുട്ടി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡബ്ല്യു. പി & ആർ)
6. ശ്രീ. എസ്. സി. ജോഷി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
7. ശ്രീ. സഞ്ജയൻ കുമാർ, ഡയറക്ടർ, എൻവയൺമെന്റ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ച്

8. ശ്രീമതി പ്രകൃതി ശ്രീവാസ്തവ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഇ. ഡി & റ്റി. ഡബ്ല്യു.)

9. ശ്രീ. പി. കെ. പഥക്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്. ബി. എ)

10. ശ്രീ. പി. കെ കേശവൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വി & എഫ്.ഐ)

11. ശ്രീ. കെ. ജെ. വർഗീസ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിനിസ്ട്രേഷൻ)

12. ശ്രീ. മേജർ ദിനേശ് ഭാസ്കരൻ, എ.പി.എസ്. റ്റു ചീഫ് മിനിസ്റ്റർ

13. ശ്രീ. ജെയിംസ് ജോസഫ്, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്

14. ശ്രീമതി കെ. എസ്. ശോഭന, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്

15. ശ്രീ. ജി. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, വനം വകുപ്പ്

16. ശ്രീ. കെ. സജീവൻ, ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

17. ശ്രീ. എസ്. സുധീർ ബാബു, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

18. ഡോ.അജയകൃഷ്ണൻ, എൻവയോൺമെന്റൽ സയന്റിസ്റ്റ്

19. ശ്രീമതി ജയലേഖാ ദേവി, സീനിയർ അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ ആന്റ് മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്

20. ശ്രീ. എ. അജിത് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യവകുപ്പ്

21. ശ്രീ. ബി.കെ. രാജേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യവകുപ്പ്

22. ശ്രീമതി വി. ടി. ലൗലി, ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

23. ശ്രീ. ജി. ഹരികുമാർ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ

24. ശ്രീമതി സുനിതാ മേനോൻ, ടെക്നിക്കൽ അസിസ്റ്റന്റ്, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്.

2016-2018-ലെ സമിതി രൂപീകരിച്ചതിനുശേഷമുള്ള ആദ്യ യോഗമായതിനാൽ ബഹു. ചെയർമാൻ, നിയമസഭയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് സബ്ജക്ട് കമ്മിറ്റികൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് പരാമർശിക്കുകയും അംഗങ്ങളെയും ഹാജരായ ഉദ്യോഗസ്ഥരെയും പരിചയപ്പെടുത്തുകയും ചെയ്തു.

സമിതി, 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള വനം, പരിസ്ഥിതി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട XXXIV, XVII എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXXIV—വനം വകുപ്പ്

ഈ സാമ്പത്തിക വർഷം 210 കോടി രൂപ സംസ്ഥാന വിഹിതവും, 71.5 കോടി രൂപ കേന്ദ്ര വിഹിതവും കൂടി ആകെ 281.5 കോടി രൂപയാണ് പദ്ധതി ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്ന് വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആമുഖമായി സമിതിയെ അറിയിച്ചു.

പ്രസ്തുത ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ഈ വർഷം വന സംരക്ഷണത്തിനാണ് കൂടുതൽ തുക ആവശ്യമായി വരുന്നതെന്നും, വന സംരക്ഷണത്തിനായി ഫെൻസിംഗ് കൂടാതെ, സോയിൽ കൺസർവേഷൻ, ബയോ ഡൈവേഴ്സിറ്റി, റോഡ് ഫോർമേഷൻ, ഫയർ പ്രൊട്ടക്ഷൻ തുടങ്ങി കഴിഞ്ഞ വർഷങ്ങളിൽ പ്രവൃത്തി ആരംഭിച്ചതും ഈ വർഷം പുതുതായി ചെയ്യേണ്ടതുമായ പ്രവൃത്തികൾക്കുമായി മാത്രം 108 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

മുൻകാലങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം കൂടുതലായി അനുഭവപ്പെട്ടിരുന്നത് തേക്കടി, വയനാട്, പറമ്പിക്കുളം എന്നിവിടങ്ങളിലായിരുന്നുവെന്നും എന്നാൽ ഇപ്പോൾ വന്യമൃഗങ്ങളുടെ സഞ്ചാരം വർദ്ധിച്ചതായിട്ടാണ് നിരീക്ഷണത്തിൽനിന്നും മനസ്സിലാകുന്നതെന്നും, ആയതിനാൽ, വയനാട്, ഇടുക്കി, കണ്ണൂർ, പറമ്പിക്കുളം, തൃശ്ശൂരിന്റെ ഒരു ഭാഗം, നെയ്യാർഡാം എന്നീ സ്ഥലങ്ങളിൽ അടിയന്തരമായി ഫെൻസിംഗ് നടത്തേണ്ടതുണ്ടെന്നും വന്യമൃഗശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ മാത്രം ഫെൻസിംഗ് നടത്തുന്നതിന് ഏകദേശം 50 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നും, ആയതിനാൽ അധികമായി തുക വകയിരുത്തുകയാണെങ്കിൽ ഘട്ടംഘട്ടമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്നും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

കണ്ണൂർ ജില്ലയിലെ വന സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ഭിത്തി കെട്ടുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും, നബാർഡിൽ നിന്നും ലോൺ അനുവദിച്ചതിനാൽ

10 കിലോമീറ്റർ ദൂരം ഭിത്തി കെട്ടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും, പുതുതായി 70 കോടി രൂപ വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി നബാർഡ് അനുവദിച്ചിട്ടുണ്ടെന്നും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു. ചെയർമാന്റെ നേതൃത്വത്തിൽ സമിതി അംഗങ്ങൾ അടിയന്തരമായി ബഹു. ധനകാര്യവകുപ്പ് മന്ത്രിയെ നേരിൽ കാണുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ബഹു. ചെയർമാൻ യോഗത്തിൽ വ്യക്തമാക്കി.

ധനകാര്യ വകുപ്പിൽ നിന്നും പദ്ധതികൾക്കായി അധിക തുക ആവശ്യാനുസരണം അനുവദിക്കാത്തതിന്റെ കാരണം ചെയർമാൻ ആരാഞ്ഞതിന് ആവശ്യം വ്യക്തമാക്കി പ്രൊപ്പോസൽ അയച്ചാൽ തുക അനുവദിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സംസ്ഥാനത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ ഏകദേശം 17000 സ്ക്വയർ കിലോമീറ്റർ വനാതിർത്തി ഉൾക്കൊള്ളുന്ന സംസ്ഥാനത്തിന്റെ വനാതിർത്തി പൂർണ്ണമായും ഡീമാർക്കേറ്റ് ചെയ്തിട്ടില്ലെന്നും, വനം വകുപ്പിന്റെ കണക്കനുസരിച്ച് ഇനിയും ഏകദേശം 3000 കി. മീറ്റർ അതിർത്തി നിർണ്ണയിക്കാനുണ്ടെന്നും, ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനിയും രണ്ടോ മൂന്നോ വർഷം കൂടി വേണ്ടിവരുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇടുക്കി ജില്ലയിലെ കുറിഞ്ഞിമലയിൽ ഇതുവരെ വനാതിർത്തി നിർണ്ണയിച്ചിട്ടില്ലെന്നും, അടിയന്തിരമായി നിയമസഭാ സമിതി അവിടം സന്ദർശിച്ച് പ്രശ്നങ്ങൾ പഠന വിധേയമാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു

ഇ. എഫ്. ലാന്റുമായി ബന്ധപ്പെട്ട വിഷയത്തിൽ വ്യക്തമായ നിലപാട് വനം വകുപ്പ് സ്വീകരിക്കണമെന്നും, നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ വരുന്നതല്ലാത്ത പ്രസ്തുത സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നുണ്ടെങ്കിലും ഗവൺമെന്റ് ഓർഡർ അനുസരിച്ച് നികുതി അടയ്ക്കാൻ സാധിക്കുന്നില്ലെന്നും ഡി.എഫ്.ഒ.-യ്ക്ക് ഇതിന് മാറ്റം വരുത്താൻ സാധിക്കുമെന്നും സമിതിയിൽ അഭിപ്രായമുണ്ടായി.

2007-2008 കാലയളവിൽ 28 ഇനം മരങ്ങൾ മുറിക്കുന്നതിന് അനുവാദം നൽകിയിരുന്നുവെന്നും എന്നാൽ പ്രസ്തുത നിയമത്തെ മറികടന്നുകൊണ്ടുള്ള ഉത്തരവാണ് ഇപ്പോൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് നൽകിയിരിക്കുന്നതെന്നും സമിതി ആരോപിക്കുകയും, 1986-ലെ കൺസർവേഷൻ ആക്റ്റിനു ശേഷം വന്ന പ്രൊമോഷൻ ഓഫ് ട്രീസുമായി ബന്ധപ്പെട്ട 2005, 2007 എന്നീ വർഷങ്ങളിലെ ആക്ട് പരിശോധിച്ച് പ്രസ്തുത നിയമത്തിനുള്ളിൽ നിന്ന് ജനങ്ങൾക്ക് നൽകേണ്ട അവകാശങ്ങൾ നിലനിർത്താൻ

സബ്ജക്ട് കമ്മിറ്റി ഇടപെടണമെന്ന അഭിപ്രായം ഉയർന്നു. വനത്തിൽ വാച്ചർമാരായി 10 വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ള എസ്.സി./എസ്.റ്റി. വിഭാഗങ്ങളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ നൽകുന്ന കാര്യം സമിതി ചർച്ച ചെയ്തു.

വനത്തിനുള്ളിൽകൂടി പോകുന്ന എൻ.എച്ച്. റോഡും, സ്റ്റേറ്റ് ഹൈവേയും വനം വകുപ്പിന്റേതാണെന്ന രീതിയിൽ തടസ്സങ്ങൾ സൃഷ്ടിച്ചും, കേസ് എടുത്തും അമിതമായ അവകാശങ്ങൾ ഏറ്റെടുത്തും ജനജീവിതത്തെ പ്രശ്നത്തിലാക്കുന്ന വനം വകുപ്പിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഇക്കാര്യത്തിൽ ശക്തമായ നിലപാട് സർക്കാർ സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

വനംവകുപ്പ് നടപ്പ് വർഷം ലക്ഷ്യമിടുന്ന പദ്ധതികൾ സമിതി മുമ്പാകെ അവതരിപ്പിച്ചു.

(1) വനാതിർത്തിയിലെ കരിങ്കൽ ഭിത്തികളുടെയും സംരക്ഷണ ഭിത്തികളുടെയും നിർമ്മാണം, നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനം, മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണം, വനപരിപാലനത്തിന് പുതിയ വാഹനങ്ങൾ വാങ്ങൽ, വാർത്താ വിനിമയ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഇക്കോ സംരക്ഷണ പ്രവർത്തനങ്ങൾ, വനവൽക്കരണ ജോലികളിൽ യന്ത്രവൽക്കരണം, വനാതിർത്തികളുടെ സർവ്വേ, കേടുവന്ന ജണ്ടകളുടെ അറ്റകുറ്റപ്പണികൾ.

(2) പുതുതായി 2500 ജണ്ടകൾ നിർമ്മിക്കൽ.

(3) നിലവിലുള്ള 5000 ജണ്ടകളുടെ അറ്റകുറ്റപ്പണികൾ.

(4) 25 കി. മീറ്റർ കരിങ്കൽ ഭിത്തി നിർമ്മിക്കൽ.

(5) 600 ഹെക്ടർ പ്രദേശത്ത് നശിച്ചുപോയ വനങ്ങൾ വച്ചുപിടിപ്പിക്കൽ.

(6) 3000 ഹെക്ടർ പ്രദേശത്ത് മുൻ വർഷങ്ങളിൽ വച്ചുപിടിപ്പിച്ച തൈകളുടെ പരിചരണം.

(7) 275 ഹെക്ടർ പ്രദേശത്ത് പുതുതായി തടി ഇതര വന ഉൽപ്പന്നങ്ങളും ഔഷധ സസ്യങ്ങളും വച്ചുപിടിപ്പിക്കൽ.

(8) 450 ഹെക്ടർ പ്രദേശത്ത് പുതുതായി മരങ്ങൾ വച്ചുപിടിപ്പിക്കൽ (200 ഹെക്ടർ തേക്കും, 250 ഹെക്ടർ വൻ മരങ്ങളും).

(9) വിലയേറിയ വൻ മരങ്ങളായ വെള്ളകിൽ, കമ്പകം, ഇരുൾ, മഹാഗണി, തേമ്പാവ്, താന്നി, പ്ലാവ്, ആഞ്ഞിലി, വേങ്ങ എന്നിവ കൂടുതലായി നട്ടുവളർത്തൽ.

(10) പൈലറ്റ് അടിസ്ഥാനത്തിൽ എല്ലാ ഫോറസ്റ്റ് ഡിവിഷനിലും മാതൃകാ ക്ലോണൽ തോട്ടങ്ങൾ വച്ചുപിടിപ്പിക്കൽ.

(11) 1000 ഹെക്ടർ പ്രദേശത്ത് പൾപ്പ് ആവശ്യത്തിനുള്ള തൈകൾ നടുക.

(12) 300 ഹെക്ടർ പ്രദേശത്ത് മുൻ വർഷങ്ങളിൽ നട്ടുവളർത്തിയ തോട്ടങ്ങളുടെ പരിചരണം.

(13) തേക്കടിയിൽ ആധുനിക നിലവാരമുള്ള ഒരു വൈൽഡ് ലൈഫ് ഇന്റർപ്രെട്ടേഷൻ സെന്റർ സ്ഥാപിക്കൽ.

(14) വയനാട് ജില്ലയിൽ വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിനാവശ്യമായ സൗരോർജ്ജ കമ്പിവേലിയുടെ നിർമ്മാണം.

(15) നിലവിൽ വന്യമൃഗ ആക്രമണം കൂടുതലുള്ള സൗത്ത് വയനാട് വനം ഡിവിഷനിൽ വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിനാവശ്യമായുള്ള പദ്ധതികൾ.

(16) കേരളത്തിൽ വനാതിർത്തി നാടുമായി പങ്കിടുന്ന മേഖലകളിൽ ആനപ്രതിരോധ ഭിത്തി നിർമ്മാണം.

(17) വന്യജീവി അനധികൃത നായാട്ടും ഇടപാടുകളും-അനധികൃതമായ വന്യജീവി വേട്ടയും അവയുടെ കച്ചവടവും തടയുന്നതിനാവശ്യമായ പദ്ധതികൾ നടപ്പാക്കൽ.

(18) അനധികൃത വനകയ്യേറ്റം തടയുന്നതിനും വനാതിർത്തി നിർണ്ണയത്തിനുമായി 2000 ജണ്ടകളുടെ നിർമ്മാണം.

വകുപ്പ് ലക്ഷ്യമിടുന്ന മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്നും ആയതിനാൽ പ്ലാൻ ഹെഡ്ഡിലെ സബ് മേജർ മൈനർ ഹെഡ്ഡുകളിൽ മൂന്ന് ഇനങ്ങളിലും നോൺ പ്ലാൻ ഹെഡ്ഡിലെ സബ്മേജർ, മൈനർ ഹെഡ്ഡുകളിൽ നാല് ഇനങ്ങളിലും അധിക തുക ആവശ്യമാണെന്നും സമിതി വിലയിരുത്തി.

4406-01-101-99(1)—വനസംരക്ഷണം (വനാതിർത്തി സർവ്വെയും വനസംരക്ഷണവും)

കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 29.01% വരുന്ന വനമേഖലയുടെ പരിപാലനത്തിന് വനസമ്പത്ത് കയ്യേറുന്നതിൽ നിന്ന് സംരക്ഷണം നൽകേണ്ടത് ഫലപ്രദമായ വനപരിപാലനത്തിന് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ പുതുതായി 2500 ജണ്ടകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള 5000 ജണ്ടകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 25 കി.മീറ്റർ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനും നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ച 2500 ലക്ഷം രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4406-01-800-91—പരിസ്ഥിതി വിനോദസഞ്ചാരം

കോഴിക്കോട് ജില്ലയിലെ സംരക്ഷണ പാർക്ക്, മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ കാപ്രിക്കോട് ബയോളജിക്കൽ പാർക്ക്, കോഴിക്കോട് ചാലിയത്തുള്ള ഔഷധ സസ്യസംരക്ഷണ കേന്ദ്രം നെടുമ്പാശ്ശേരിയിലെ ജൈവ വൈവിധ്യ പ്ലാന്റായ സുവർണ്ണോദയം കോന്നിയിലെ ആദിവാസി ഇക്കോ ടൂറിസം തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആനപരിപാലന കേന്ദ്രം എന്നിവയുടെ പ്രവർത്തനങ്ങൾക്കും തെന്മല, അതിരപ്പിള്ളി തുടങ്ങിയ വന്യമൃഗങ്ങൾ ധാരാളമുള്ള സ്ഥലങ്ങളിൽ ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും, വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിശ്രമസങ്കേതങ്ങൾ സജ്ജമാക്കുന്നതിനും, വനപൈതൃക സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും, ഇക്കോ-ടൂറിസം സെന്ററുകളെ ബന്ധിപ്പിക്കുന്ന ഇടറോഡുകൾ നവീകരിക്കുന്നതിനും തദ്ദേശവാസികളുടെയും വനസംരക്ഷണ സമിതികളുടെയും പങ്കാളിത്തത്തോടെ കൂടുതൽ പ്രദേശങ്ങൾ ഇക്കോ-ടൂറിസം കേന്ദ്രങ്ങളാക്കുന്നതിനുംവേണ്ടി ഈ ശീർഷകത്തിൽ അനുവദിച്ച 820 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യപ്പെടുകയും ആയതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2406-01-800-56—മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

വന്യജീവികൾ, പ്രത്യേകിച്ചും ആനകൾ, കടുവകൾ, കാട്ടുപന്നികൾ, കരടികൾ, വിഷപ്പാമ്പുകൾ എന്നിവ വനാതിർത്തികളിൽ അധിവസിക്കുന്ന മനുഷ്യരുടെ ജീവനും കന്നുകാലികൾക്കും കാർഷിക വിളകൾക്കും നാശനഷ്ടമുണ്ടാക്കുന്നു. വന്യമൃഗങ്ങളെ

തടയുന്നതിനായി ആനകിടങ്ങുകൾ, പരുക്കൻ കല്ലുകൾ ഉപയോഗിച്ചുള്ള ഭിത്തികൾ, സൗരോർജ്ജ വേലികൾ എന്നീ പ്രതിരോധങ്ങൾ നിർമ്മിക്കുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ വിളനാശമോ ജീവഹാനിയോ അപകടമോ സംഭവിക്കുന്നവർക്ക് അടിയന്തര നഷ്ടപരിഹാരം നൽകുന്നതിനും, വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ആവശ്യമായ മേച്ചിൽ സ്ഥലങ്ങളും തീറ്റയും ഏർപ്പെടുത്തി ഇവ വനത്തിന് പുറത്തേക്ക് പോകുന്നത് തടയുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച 757 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ആയതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

## നോൺപ്ലാൻ ഫണ്ട്

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന വിവിധ ശീർഷകങ്ങളിൽ 27.17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

| ക്രമ നമ്പർ | ശീർഷകം | അധികം ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 2406-01-001-99 ചീഫ് കൺസർവേറ്ററുടെ ആഫീസ് 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 9.68 |
| 2 | 2406-01-001-98 സർക്കിൾ കൺസർവേറ്ററുടെ ആഫീസ് 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 2.58 |
| 3 | 2406-01-001-97 പ്രവർത്തന പദ്ധതിക്കും ഗവേഷണത്തിനുമായുള്ള സർക്കിൾ 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 4.52 |
| 4 | 2406-01-001-95 ജില്ലാ ആഫീസുകൾ 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 10.39 |
| | ആകെ | 27.17 |

വനം വകപ്പ് ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിൽ വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന 97.01 ലക്ഷം രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, താഴെപ്പറയുന്ന ശീർഷകങ്ങളിൽ 40.49 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| ക്രമ നമ്പർ | ശീർഷകം | അധികം ആവശ്യമുള്ള സംഖ്യ ( രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 2406-01-001-99 ചീഫ് കൺസർവേറ്ററുടെ ആഫീസ് 04(1) യാത്രാബത്ത | 10.64 |
| 2 | 2406-01-001-98 സർക്കിൾ കൺസർവേറ്ററുടെ ആഫീസ് 04(1) യാത്രാബത്ത | 3.95 |
| 3 | 2406-01-001-97 പ്രവർത്തന പദ്ധതിക്കും ഗവേഷണത്തിനുമായുള്ള സർക്കിൾ 04(1) യാത്രാബത്ത | 1.68 |
| 4 | 2406-01-001-96 വിജിലൻസും വിലയിരുത്തലും വിഭാഗം 04(1) യാത്രാബത്ത | 13.22 |
| 5 | 2406-01-001-95 ജില്ലാ ആഫീസുകൾ 04(1) യാത്രാബത്ത | 11.00 |
| | ആകെ | 40.49 |

2406-01-001-99—<u>ചീഫ് കൺസർവേറ്ററുടെ ആഫീസ്</u>

05(2)—<u>വൈദ്യുത ചെലവ്</u>

ചീഫ് കൺസർവേറ്ററുടെ ആഫീസിലെ വൈദ്യുത ചെലവിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടുകയും ആയതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2406-01-070-98—<u>കെട്ടിടങ്ങൾ</u>

—18 <u>അറ്റകുറ്റപ്പണികൾ</u>

കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 60 ലക്ഷം രൂപ അപര്യാപ്തമാണെന്നും ആയതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

## ജൈവവൈവിധ്യ ബോർഡ്

2406-02-110-59-31—ശമ്പളം (നോൺ പ്ലാൻ)

2406-02-110-59-36—ശമ്പളേതരം ( നോൺ പ്ലാൻ)

കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് (കെ.എസ്.ബി.ബി.) ചെയർമാൻ, എക്സ്പർട്ട് കൺസൾട്ടന്റ് സ്റ്റാഫ് പാറ്റേൺ പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കും ഈ സാമ്പത്തികവർഷം അനുവദിച്ച തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ആകയാൽ 2402-02-110-59-31-ശമ്പളം എന്ന ശീർഷകത്തിൽ 68.39 ലക്ഷം രൂപയും, 2406-02-110-59-36 ശമ്പളേതരം എന്ന ശീർഷകത്തിൽ 12.93 ലക്ഷം രൂപയും ഉൾപ്പെടെ പദ്ധതിയേതരയിനങ്ങളിൽ ആകെ 81.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

### പരിസ്ഥിതി വകുപ്പ്

3435-60-800-99—പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെയും കോട്ടയം, കോഴിക്കോട് ജില്ലകളിലെ മേഖലാ ആഫീസുകളിലെയും ജീവനക്കാരുടെ ശമ്പളം, കെട്ടിടങ്ങൾക്കുള്ള വാടക എന്നിവ നൽകുന്നതിനും ഫർണിച്ചർ, ആഫീസ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും അടിസ്ഥാനസൗകര്യവികസനത്തിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 150 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ആയതിനാൽ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

3435-04-103-97—<u>സംസ്ഥാന സമഗ്രമാതൃകാ മാലിന്യസംസ്കരണ പദ്ധതി</u>

സംസ്ഥാനത്ത് ദ്രുതഗതിയിലുള്ള നഗരവൽക്കരണവും, മാറിയ ജീവിത സാഹചര്യങ്ങളും നഗരപ്രദേശങ്ങളിലെ ജനസംഖ്യാവർദ്ധനവും വർദ്ധിച്ച തോതിലുള്ള മാലിന്യ നിക്ഷേപത്തിനും പരിസ്ഥിതി മലിനീകരണത്തിനും കാരണമാകുന്നുണ്ടെന്നും ഖര/ദ്രവ മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി മാതൃകാപ്ലാന്റ് സ്ഥാപിക്കാൻ ചുമതലപ്പെടുത്തിയ NIIST-യ്ക്ക് രണ്ടാമത്തെ തവണ തുക നൽകുന്നതിനും, സമഗ്ര മാലിന്യ സംസ്കരണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 100 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ അധികമായി 100 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

17-8-2016-ൽ ചേരാൻ നിശ്ചയിച്ചിരുന്ന യോഗം 18-8-2016 ലേക്ക് മാറ്റിവയ്ക്കാൻ സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.20-ന് പിരിഞ്ഞു.

## 8-8-2016-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി, 2016 ആഗസ്റ്റ് 8-ാം തീയതി, തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'VA' സമ്മേളനഹാളിൽ ബഹു. സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ എക്സ്-ഒഫീഷ്യോ അംഗവും ബഹു. സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ബി. ഡി. ദേവസ്സി
2. ശ്രീ. എൽദോ എബ്രഹാം
3. ശ്രീ. എസ്. രാജേന്ദ്രൻ
5. ശ്രീ. റോജി എം. ജോൺ
6. ശ്രീ. സണ്ണി ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ശ്യാംകുമാർ, എസ്. പി. ,അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. എസ്. സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ്, ഇക്കണോമിക് അഫയേഴ്സ് ആന്റ് എൻവയോൺമെന്റ് ഡിപ്പാർട്ട്മെന്റ്
2. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, ടൂറിസം വകുപ്പ്
3. ശ്രീ. യു. വി. ജോസ്, ഡയറക്ടർ, ടൂറിസം വകുപ്പ്
4. ശ്രീ. അലി അസ്ഗർ പാഷാ, മാനേജിംഗ് ഡയറക്ടർ, കെ.റ്റി.ഡി.സി.
5. ശ്രീമതി കെ. സരസ്വതി അമ്മ, അഡീഷണൽ സെക്രട്ടറി, ടൂറിസം വകുപ്പ്
6. ശ്രീ. എൻ. എം. രവീന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. ജെ. വിജയമോഹനൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ഡോ. രാജശ്രീ അജിത്, ഡയറക്ടർ, കെ.ഐ.ടി.ടി.എസ്.

9. ശ്രീ. രഘുദാസൻ, അഡീഷണൽ ഡയറക്ടർ, ടൂറിസം വകുപ്പ്
10. ശ്രീ. എസ്. സുധീർ ബാബു, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്
11. ശ്രീ. പി. രാജേന്ദ്രൻ, സീനിയർ എഫ്.ഒ., ടൂറിസം വകുപ്പ്
12. ശ്രീ. എ. അജിത് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
13. ശ്രീമതി ഡി. കൃഷ്ണപ്രിയ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
14. ശ്രീ. കെ. എസ്. രമേഷ് കുമാർ, സി.എ.ഒ., കെ.റ്റി.ഡി.സി.
15. ശ്രീ. കെ. സുനിൽകുമാർ, അണ്ടർ സെക്രട്ടറി, ടൂറിസം വകുപ്പ്.

സമിതി, 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി വിനോദസഞ്ചാരം-XLII, പരിസ്ഥിതി വകുപ്പിന്റെ പരിധിയിൽ വരുന്ന മലിനീകരണ നിയന്ത്രണ ബോർഡ്-XVII എന്നീ ധനാഭ്യർത്ഥനകൾ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചനടത്തുകയും ചുവടെ ചേർക്കും പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XVII

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനായി ഈ നടപ്പുവർഷം 950 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. എന്നാൽ പദ്ധതി കാലയളവിൽ ബോർഡ് ചുവടെ ചേർത്തിരിക്കുന്ന 3 പുതിയ പദ്ധതികൾ ലക്ഷ്യമിടുന്നതായി മനസ്സിലാക്കിയ സമിതി ചുവടെ ചേർത്തിരിക്കുന്ന മൂന്ന് പദ്ധതികൾക്കുമായി 450 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 1. | പരിസ്ഥിതി മ്യൂസിയവും പരിശീലന കേന്ദ്രവും | 200 ലക്ഷം രൂപ |
| 2. | ബയോമെഡിക്കൽ മാലിന്യനിർമ്മാർജ്ജനത്തിനുള്ള പൊതു സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള കേന്ദ്ര സഹായത്തിന്റെ സംസ്ഥാന വിഹിതം | 200 ലക്ഷം രൂപ |
| 3. | അപകടകാരികളായ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കേന്ദ്രപദ്ധതിയുടെ സംസ്ഥാന വിഹിതം | 50 ലക്ഷം രൂപ |
| | ആകെ | 450 ലക്ഷം രൂപ |

## ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം

### പ്ലാൻ ഫണ്ട്

<u>കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ മാലിന്യവിമുക്തമേഖലയാക്കൽ</u>

കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ മാലിന്യവിമുക്ത മേഖലയാക്കൽ, പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്മേൽ, അൻപതോളം വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷനുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

ഇത്തരം ഡെസ്റ്റിനേഷനുകളിൽ പ്രധാനമായും മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് അടിയന്തരപ്രാധാന്യം നൽകേണ്ടതെന്നും, അതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നകാര്യം സജീവ പരിഗണനയിലാണെന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ പല സ്ഥലത്തും പ്രയോജനപ്പെടുത്തുന്നുണ്ടെന്നും ബഹു. ചെയർമാൻ യോഗത്തെ അറിയിച്ചു.

ഈ പദ്ധതിയിനത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ഈ സാമ്പത്തികവർഷം അൻപതോളം ഡെസ്റ്റിനേഷനുകളിൽ ഏതാണ്ട് അഞ്ഞൂറോളം കുടുംബശ്രീ അംഗങ്ങളെക്കൊണ്ട് മാലിന്യം നീക്കം ചെയ്യിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും, തുടർന്നുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ ഏറ്റെടുത്ത് നടത്തേണ്ടതാണെന്നും വിനോദ സഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

സംസ്ഥാനത്ത് നിലവിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് പുറമെ പുതിയ 5 ടൂറിസ്റ്റ് കേന്ദ്രങ്ങൾ കൂടി 2016-2017 കാലയളവിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷിച്ചിട്ടുണ്ടെന്നും, ഇതിലേക്ക് പുതിയ തൊഴിലാളികളുടെ സേവനം ആവശ്യമായതിനാലും, ആനുപാതികമായ വേതനവർദ്ധനവ് അനുവദിക്കേണ്ടിവരും എന്നതിനാലും ഈ ശീർഷകത്തിൽ അനുവദിച്ച 400 ലക്ഷം രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ടൂറിസം വിപണനവും പ്രോത്സാഹനവും—34—മറ്റ് ചെലവുകൾ**

നമ്മുടെ മാർക്കറ്റിംഗ് സംവിധാനങ്ങൾ മറ്റ് സംസ്ഥാനങ്ങളുടെ നിലവാരത്തിലേക്കെത്തിച്ചാൽ മാത്രമേ ആഗോള ടൂറിസം വിപണിയിൽ പിടിച്ചു നിൽക്കാൻ സാധിക്കുകയുള്ളുവെന്നും ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ

അറുപത് ശതമാനം ഡൊമസ്റ്റിക് ടൂറിസം പ്രൊമോഷനുവേണ്ടിയും 40% അന്താരാഷ്ട്ര ടൂറിസം പ്രൊമോഷനുവേണ്ടിയുമാണ് വിനിയോഗിക്കുന്നതെന്നും വിനോദ സഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

മാർക്കറ്റിംഗിനുവേണ്ടി വകയിരുത്തുന്ന തുക പരസ്യപ്രചാരണത്തിനായി വിനിയോഗിക്കാറുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ചില ഘട്ടങ്ങളിൽ പരിമിതമായ തുക ഇതിൽ നിന്നും വിനിയോഗിക്കാറുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയിലെ വിനോദസഞ്ചാരമേഖലയിലെ മുൻനിര സ്ഥാനം നിലനിർത്തുന്നതിനും, ദേശീയ, അന്തർദേശീയ തലത്തിൽ മികച്ച ടൂറിസം ബ്രാൻഡായി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നൂതന വിനോദസഞ്ചാര വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഈ പദ്ധതി കാലയളവിൽ വകുപ്പ് ലക്ഷ്യമിടുന്നുവെന്നും ആയതിനായി കേരള ടൂറിസത്തിന്റെ വെബ്സൈറ്റ്, പുതിയ പ്ലാറ്റ്ഫോമുകൾക്ക് (ഉദാ. മൊബൈൽ, ഐപാഡ്, ലാപ്ടോപ്പ് മുതലായവ) അനുഗുണമായ രീതിയിൽ ഉടച്ചുവാർക്കുന്നതിനും സോഷ്യൽ മീഡിയ വഴിയുള്ള നൂതനങ്ങളായ വിപണനതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും 1500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

**കേരള ടൂറിസം—പ്രോത്സാഹനവും വിപണനവും**

കേരള ടൂറിസം ബ്രാൻഡിംഗ് ശക്തിപ്പെടുത്തുന്നതിനും, പുതിയ മാർക്കറ്റുകൾ കണ്ടെത്തുന്നതിനും, അവിടങ്ങളിൽ ഫലപ്രദമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, വളർന്നുവരുന്ന മാർക്കറ്റുകളായ അമേരിക്ക, ആസ്ട്രേലിയ, ചൈന, ജപ്പാൻ, റഷ്യ, ഉക്രൈൻ, സൗദിഅറേബ്യ, ദുബായ്, മലേഷ്യ, അയർലൻഡ് തുടങ്ങിയ രാജ്യങ്ങളിൽ കൂടുതൽ ഫലപ്രദമായ രീതിയിൽ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും കൂടുതൽ ദേശീയ അന്തർദേശീയ ടൂറിസം ഫെയറുകളും, റോഡ് ഷോകളും സംഘടിപ്പിക്കുന്നതിനുമായി നടപ്പ് സാമ്പത്തികവർഷം അനുവദിച്ച 1650 ലക്ഷംരൂപ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, 850 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**വിനോദസഞ്ചാര സ്ഥാപനങ്ങളെ നവീകരിക്കുന്നതിനും ഒരു ആസൂത്രണ വിലയിരുത്തൽ വിഭാഗം സ്ഥാപിക്കുന്നതിനും**

കേരളത്തിലെത്തുന്ന വിദേശസഞ്ചാരികളുടെ വരവിനനുസരിച്ച് അന്തർദേശീയ നിലവാരത്തിൽ ടൂറിസം കേന്ദ്രങ്ങളെ ആധുനികവൽക്കരിക്കേണ്ടത് അനിവാര്യമാണെന്നും ആയതിനായി ടൂറിസം വകുപ്പിന് കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ, യാത്രി നിവാസുകൾ,

കേരളാഹൗസുകൾ, കേരളത്തിനകത്തും പുറത്തുമുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസുകൾ എന്നിവിടങ്ങളിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി അധിക തുക ആവശ്യമുള്ളതായും മനസ്സിലാക്കിയ സമിതി 85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

**സ്വകാര്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾഉണ്ടാക്കുന്നതിന് ധനസഹായം— സബ്സിഡി**

ടൂറിസം മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ പ്രഖ്യാപിച്ച ടൂറിസം നയത്തിന്റെ ചുവടുപിടിച്ച് ടൂറിസം പദ്ധതികളുടെ അതിവേഗ ക്ലിയറൻസ് സംവിധാനം, ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പുതിയ സബ്സിഡി നടപ്പാക്കൽ, മാർക്കറ്റിംഗ് രംഗത്ത് പുത്തൻ സംരംഭകർക്കുള്ള സഹായം, ആയുർവേദം, ഹോം സ്റ്റേ സംരംഭകർക്ക് വിദേശീയവും സ്വദേശീയവുമായ വിപണന സഹായം, മേളകളിൽ പങ്കെടുക്കൽ എന്നിവയ്ക്ക് ഉതകുന്ന പുതിയ സബ്സിഡി സമ്പ്രദായം രൂപപ്പെടുത്തുന്നതിനും 2013-2014 മുതലുള്ള ഇൻവെസ്റ്റ്മെന്റ്/ഇലക്ട്രിസിറ്റി സബ്സിഡികൾ അനുവദിക്കുന്നതിനുമായി 15 കോടിയോളം രൂപ ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി 1450 ലക്ഷംരൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ഉത്തരവാദിത്വത്തോടെയുള്ള വിനോദസഞ്ചാരം**

ഉത്തരവാദിത്വത്തോടെയുള്ള വിനോദസഞ്ചാരം ആദ്യ ഘട്ടത്തിൽ 4 സ്ഥലങ്ങളിലാണ് നടപ്പിലാക്കിയിരുന്നതെന്നും ഇപ്പോൾ ഇത് ഏഴ് സ്ഥലങ്ങളിൽ നടപ്പിലാക്കിക്കഴിഞ്ഞുവെന്നും പദ്ധതി വിഹിതം കൊണ്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും ഇത് വ്യാപിപ്പിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നതെന്നും, ഇത് സംബന്ധിച്ച് സമിതി ഒരു യോഗം ചേർന്ന് കാര്യങ്ങൾ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കണമെന്നും വിനോദസഞ്ചാരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭ്യർത്ഥിച്ചു.

കേരളത്തിലെ എല്ലാ ജില്ലകളിലും ഉത്തരവാദിത്വ ടൂറിസംപദ്ധതി നടപ്പിലാക്കുന്നതിനും, അതുമായി ബന്ധപ്പെട്ട് ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുന്നതിനും ടൂറിസത്തെ മറ്റ് വികസന പദ്ധതികളുമായി ബന്ധപ്പെടുത്തുന്നതിനും, ടൂറിസം പദ്ധതികൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിനും 'റെസ്പോൺസിബിൾ ടൂറിസം ക്ലാസിഫിക്കേഷൻ സ്കീം' കേരളത്തിലെ മുഴുവൻ ഹോട്ടലുകളിലും ഹോംസ്റ്റേകളിലും നടപ്പിലാക്കുന്നതിനും, ഉത്തരവാദിത്വ ടൂറിസം പദ്ധതിയെക്കുറിച്ചുള്ള അവബോധം ടൂർ ഓപ്പറേറ്റർമാർക്ക് (വിദേശ-സ്വദേശം) നൽകുന്നതിനുമായി അനുവദിച്ചിരിക്കുന്ന 110 ലക്ഷം രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 190 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

**മുസിരിസ്—സ്പൈസ് റൂട്ട് പൈതൃക പദ്ധതി**

എറണാകുളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേന്ദമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്ര സ്മാരകങ്ങളെ ബന്ധിപ്പിച്ച് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിക്കും സ്പൈസ് റൂട്ട് പദ്ധതിക്കും സംസ്ഥാനത്തെ ഇതര ഹെറിറ്റേജ് പദ്ധതികൾക്കുമായി വകയിരുത്തിയിരിക്കുന്ന 1800 ലക്ഷംരൂപ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പദ്ധതിയുടെ തുടർന്നുള്ള സുഗമമായ നടത്തിപ്പിനായി 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

**അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ കേരളത്തിനകത്ത് 25 ഗസ്റ്റ് ഹൗസുകളും 3 യാത്രീ നിവാസുകളും കേരളത്തിന് പുറത്ത് 2 കേരളാ ഹൗസുകളും പ്രവർത്തിച്ചുവരുന്നു. പുതുതായി ഏതാനും യാത്രീനിവാസുകൾ സജ്ജമാക്കുന്നതിനും, സുൽത്താൻ ബത്തേരി, മൂന്നാർ, പൊന്മുടി, കോഴിക്കോട് എന്നിവിടങ്ങളിലെ പുതുതായി പണിയുന്ന ബ്ലോക്കുകളുടെ പണി പൂർത്തീകരിക്കുന്നതിനും, പുരാതനവും പ്രാധാന്യമർഹിക്കുന്ന 12 ഗസ്റ്റ് ഹൗസുകളുടെയും പ്രധാനപ്പെട്ട ഗസ്റ്റ് ഹൗസുകളായ തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, ആലപ്പുഴ, ചെറുതുരുത്തി എന്നിവ ഉൾപ്പെടെ 25 ഗസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്കുമായി അനുവദിച്ചിരിക്കുന്ന 1000 ലക്ഷം രൂപ അപര്യാപ്തമാണെന്ന് വകയിരുത്തിയ സമിതി 1000 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**നോൺ പ്ലാൻ**

**ടൂറിസ്റ്റ് ഗതാഗതം—ഓഫീസ് ചെലവുകൾ**

ബഹു. മന്ത്രിമാർക്കും പ്രതിപക്ഷനേതാവ്, മറ്റ് വി.ഐ.പി., വി.വി.ഐ.പി. എന്നിവർക്കും നൽകുന്നതിനായുള്ള ടൂറിസം വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച 4.74 ലക്ഷം രൂപ പര്യാപ്തമല്ലെന്ന് സമിതിക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ 1.26 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

<u>ടൂറിസ്റ്റ് ഗതാഗത സേവനം—മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ച 144.15 ലക്ഷം രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 15.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ടൂറിസ്റ്റ് ഗതാഗത സേവനം—പി.ഒ.എൽ.**

ടൂറിസം വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങൾക്ക് ഇന്ധനം വാങ്ങുന്നതിനായി അനുവദിച്ചിരിക്കുന്ന 140 ലക്ഷം രൂപ പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുകയും ആയതിനാൽ 60 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

**മറ്റ് ചെലവുകൾ—മറ്റിനം**

സർക്കാരിന്റെ വിശിഷ്ടാതിഥികൾ, മറ്റ് അതിഥികൾ എന്നിവരുടെ താമസം, ഭക്ഷണം, വാഹനം എന്നിവയ്ക്കും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് അഭിപ്രായപ്പെട്ട സമിതി 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

**റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ആഫീസുകൾ—സാധനസാമഗ്രികൾ**
**റീജിയണൽ ഡയറക്ടറുടെ ആഫീസ്—മറ്റ് ചെലവുകൾ**

ടൂറിസം വകുപ്പിന് കീഴിലുള്ള 3 റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലെ സാധന സാമഗ്രികൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി താഴെപ്പറയുന്ന പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

സാധന സാമഗ്രികൾ - 49,000 രൂപ

മറ്റ് ചെലവുകൾ - 2.5 ലക്ഷം രൂപ

ടൂറിസം വകുപ്പിന് കീഴിലുള്ള 11 ജില്ലാ ഓഫീസുകളിലെ യാത്രാചെലവ്, ടെലഫോൺ ചാർജ് എന്നീ ഇനങ്ങളിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ചുവടെ ചേർക്കും പ്രകാരം അധികമായി തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

യാത്രാചെലവ് - 2.5 ലക്ഷം രൂപ

ടെലഫോൺ ചാർജ് - 5.00 ലക്ഷം രൂപ

ഗസ്റ്റ് ഹൗസുകളും യാത്രി നിവാസുകളും, ടൂറിസ്റ്റ് ലോഡ്ജുകളും

മറ്റ് ചെലവുകൾ

ടൂറിസം വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഗസ്റ്റ് ഹൗസിനുവേണ്ട സാധന സാമഗ്രികൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

### ടൂറിസം വിപണനവും പ്രോത്സാഹനവും—പരസ്യം, പ്രചാരണം എന്നിവയുള്ള ചെലവുകൾ

ഓണം വാരാഘോഷത്തിനും മറ്റ് ആഘോഷ പരിപാടികൾക്കുമായി ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

തുടർന്ന്, വിനോദസഞ്ചാര രംഗത്തെ പൊതുവായ പ്രശ്നങ്ങൾ അംഗങ്ങൾ ഉന്നയിക്കുകയുണ്ടായി. തമിഴ്നാട്ടിലെ കുറ്റാലം കേരളത്തിൽ നിന്നും വളരെയധികം സഞ്ചാരികൾ പോകുന്ന സ്ഥലമാണെന്നും, രാജഭരണകാലത്ത് രാജകൊട്ടാരത്തിന്റെ ഭാഗമായിരുന്ന മൂന്ന് ഏക്കർ സ്ഥലം അവിടെയുണ്ടെന്നും, ബഹു. മന്ത്രി മുൻകൈയെടുത്ത് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് ആ സ്ഥലം ഡിപ്പാർട്ട്മെന്റ് വഴി ട്രാൻസ്ഫർ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ച് അത് സംരക്ഷിച്ച് പ്രയോജനപ്പെടുത്തുന്നതുവഴി വിനോദസഞ്ചാര വകുപ്പിന് നഷ്ടമാകുന്ന തുക തിരിച്ചുപിടിക്കുവാൻ സാധിക്കുമെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു.

ഡി.റ്റി.പി.സി. (ഡിപ്പാർട്ട്മെന്റ് ഓഫ് ടൂറിസം പ്രൊമോഷൻ കൗൺസിൽ)-യിൽ ദീർഘകാലമായി ജോലി ചെയ്യുന്നവർക്ക് ഓരോ ജില്ലയിലും വ്യത്യസ്തമായ കൂലിയാണ് നൽകുന്നതെന്ന ആക്ഷേപം സമിതി അംഗം ഉന്നയിച്ചതിന്മേൽ, ശമ്പളം ഏകീകരിച്ച് ജീവനക്കാരെ നിലനിർത്തുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഇടുക്കി ജില്ലയിൽ ഡി.റ്റി.പി.സി. കുറച്ചു തുക ചെലവഴിച്ചുവെന്നല്ലാതെ ഒരു പ്രവൃത്തിയും ഇത്രയും കാലത്തിനുള്ളിൽ ഏറ്റെടുത്ത് നടത്തിയിട്ടില്ലെന്നും, അവിടെയെത്തുന്ന സഞ്ചാരികൾ പ്രകൃതി സൗന്ദര്യം ആസ്വദിച്ച് തിരികെ പോവുകയാണ് പതിവെന്നും ഇതിനൊരു മാറ്റം വകുപ്പ് മുൻകൈയെടുത്ത് നടത്തണമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

സമിതി അംഗത്തിന്റെ ആക്ഷേപത്തിന് മറുപടിയായി മൂന്നാർ പോലുള്ള സ്ഥലങ്ങളിൽ ചില തടസ്സങ്ങൾ കാരണമാണ് വലിയ പ്രോജക്ടുകളിലേക്ക് പോകാൻ സാധിക്കാത്തതെന്നും മൂന്നാറിലെ ഗസ്റ്റ് ഹൗസിന്റെ പണി ഒരു വർഷം കൊണ്ട് പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ സാധിക്കുമെന്നും വിനോദസഞ്ചാരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രത്യാശ പ്രകടിപ്പിച്ചു.

മൂന്നാറിൽ നീലക്കുറിഞ്ഞി പൂക്കുന്ന സമയമായതിനാൽ അതിനു മുന്നോടിയായി വനം വകുപ്പുമായി ചേർന്ന് ദേവികുളത്തും പരിസര പ്രദേശത്തും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ടെന്നും മൂന്നാറിലെ ബൊട്ടാണിക്കൽ ഗാർഡന്റെ പണി ആരംഭിച്ചിട്ടുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി.

നിരവധി പ്രോജക്റ്റുകൾ സമർപ്പിച്ചുവെങ്കിലും പാർക്കിംഗിന് സ്ഥലമില്ല എന്ന കാരണത്താൽ നടപ്പിലാക്കാൻ സാധിക്കുന്നില്ല എന്ന പരാതി പരിശോധിക്കേണ്ടതാണെന്ന് സമിതി അംഗം ആവശ്യപ്പെട്ടു. ടൂറിസം, റവന്യൂവകുപ്പുകളുടെ അധീനതയിലുള്ള ഓരോ ഏക്കർ ഭൂമി ഡിപ്പാർട്ട്മെന്റൽ ട്രാൻസ്ഫർ നടത്തിയാൽ എല്ലാ പ്രശ്നത്തിനും പരിഹാരം ഉണ്ടാകുമെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു.

ജില്ലാ കളക്ടറുമായി സംസാരിച്ച് പാർക്കിംഗിന് സ്ഥലം കണ്ടുപിടിക്കാൻ സാധിച്ചാൽ ഏറ്റവും മുൻഗണന നൽകി പരിഹരിക്കുന്നത് പാർക്കിംഗിന്റെ പോരായ്മയായിരിക്കുമെന്ന് വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

വകുപ്പുകളുടെ ഏകോപനമില്ലായ്മ ടൂറിസം രംഗത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് വിലയിരുത്തിയ സമിതി, വിവിധ വകുപ്പുകളുടെ ഏകോപനമുണ്ടെങ്കിൽ ടൂറിസം രംഗത്ത് അനന്തമായ സാധ്യതകളാണുള്ളതെന്നും അതിനായി വനം, കെ.എസ്.ഇ.ബി., ടൂറിസം എന്നിവയുടെ ഏകോപനത്തോടെ വിനോദസഞ്ചാരികൾക്കായി ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങളൊരുക്കാൻ സാധിക്കുമെന്നും അതുവഴി ടൂറിസം രംഗം വളർച്ച നേടുമെന്നും അഭിപ്രായപ്പെട്ടു.

ടൂറിസ്റ്റുകളെ സംബന്ധിച്ചിടത്തോളം താമസസൗകര്യം ഏറ്റവും പ്രധാനപ്പെട്ട വിഷയമാണെന്നും അതിനാൽ കെ.ടി.ഡി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, യാത്രി നിവാസുകളുടെ നിർമ്മാണം, ഡി.റ്റി.പി.സി., ഡി.എം.സി. എന്നിവയുടെ പുനഃസംഘടന എന്നിവ അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

കിലോമീറ്ററുകളോളം യാത്ര ചെയ്തുവരുന്ന വിനോദസഞ്ചാരികൾക്ക് 'take a break' ഏറ്റവും അത്യാവശ്യമുള്ള സംവിധാനമാണെന്നും സമിതി അഭിപ്രായപ്പെട്ടു

ടൂറിസത്തോടനുബന്ധിച്ചുള്ള ബോട്ടിംഗിലൂടെ മൂന്നു മാസം കൊണ്ട് ടൂറിസം വകുപ്പിന് ഏകദേശം 16 ലക്ഷം രൂപ വരുമാനം ലഭിച്ചിരുന്ന പദ്ധതി വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനെത്തുടർന്ന് നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായെന്നും, ഇതിലൂടെ വകുപ്പുകളുടെ ഏകോപനം ഏതൊരു പദ്ധതിയുടേയും സുഗമമായ നടത്തിപ്പിന് അത്യന്താപേക്ഷിതമാണെന്നും മറ്റൊരു സമിതി അംഗം കൂട്ടിച്ചേർത്തു.

ടൂറിസ്റ്റുകളിൽനിന്നും നല്ലൊരു തുക വനസംരക്ഷണ സമിതികൾ പിരിച്ചെടുക്കുന്നുണ്ടെങ്കിലും പ്രസ്തുത തുക ഉപയോഗിച്ച് ടൂറിസ്റ്റുകൾക്കുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിക്കുന്നില്ലെന്ന് സമിതി അംഗം കുറ്റപ്പെടുത്തി.

മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായുള്ള പഞ്ചായത്തിന്റെ ഡംപിംഗ് യാർഡിന് തൊട്ട് മുൻവശത്തായി സ്ഥിതി ചെയ്യുന്ന കാലടിയിലെ കെ.റ്റി.ഡി.സി. ഗസ്റ്റ് ഹൗസിന്റെ അപ്രോച്ച് റോഡ് ഉപയോഗശൂന്യമായിക്കിടക്കുകയാണെന്ന് സമിതി അംഗം പരാതിപ്പെട്ടതിന് മറുപടിയായി ഇപ്പോൾ റോഡ് പുനർനിർമ്മിക്കുന്ന നടപടികൾ നടന്നുവരികയാണെന്ന് കെ.റ്റി.ഡി.സി. മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

എറണാകുളം ജില്ലയിലെ ഏഴാറ്റുമുഖം പ്രകൃതിഗ്രാമത്തിന്റെ പ്രവർത്തനം വളരെ മോശമാണെന്നും നിലവിൽ പ്രൈവറ്റ് ഏജൻസിയാണ് പ്രവർത്തനം നടത്തുന്നതെന്നും, ഡി.റ്റി.പി.സി. അടിയന്തിരമായി ഇടപെട്ട് പ്രസ്തുത പ്രവർത്തി കാര്യക്ഷമമായി നടത്തണമെന്നും ടൂറിസം വകുപ്പ് ഡയറക്ടറോട് സമിതി ആവശ്യപ്പെട്ടു.

ഏഴാറ്റുമുഖം പ്രകൃതിഗ്രാമത്തെ സംബന്ധിച്ച് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.റ്റി.പി.സി.) വിശദമായി പഠിച്ച് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ടൂറിസം വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

മലബാർ ടൂറിസം മേഖല അവഗണിക്കപ്പെടാതിരിക്കാനുള്ള പരിഹാര നടപടികളെ സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിരുന്നെവെങ്കിലും, ഇതിനായി ഫലപ്രദമായ നിർദ്ദേശങ്ങളും പ്രോജക്ടുകളും നിർദ്ദേശിക്കേണ്ടതുണ്ടെന്നും, ശബരിമലയും, ഗുരുവായൂരും കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവുമധികം തീർത്ഥാടകർ എത്തിച്ചേരുന്ന കൊട്ടിയൂർ വന്യജീവിസങ്കേതത്തെ സംബന്ധിച്ച് ഒരു തീർത്ഥാടകപ്രോജക്ട് ആരംഭിക്കണമെന്നും സമിതി അംഗം ആവശ്യപ്പെട്ടു. കൂടാതെ ആറളം ഫാമുൾപ്പെടെ ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളെ ഒരു ഇക്കോ ടൂറിസം കേന്ദ്രമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കണമെന്നും മലബാർ ടൂറിസ്റ്റ് കോറിഡോർ പദ്ധതി യാഥാർത്ഥ്യമാക്കി മാറ്റുന്നതിനാവശ്യമായ സ്കീമും പ്രോജക്ടുകളും നടപ്പിലാക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിവിധ തലത്തിലുള്ള അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന ടൂറിസ്റ്റ് സർക്യൂട്ട് പ്രാവർത്തികമാക്കുന്നതിനായി, മുസിരിസ് പദ്ധതിയുടെ പാറ്റേണിൽ തലശ്ശേരി, കണ്ണൂർ പ്രദേശങ്ങളുടെ ചരിത്രപരമായ പ്രാധാന്യം പരിശോധിച്ച് സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്യുന്നതിനുള്ള ആരംഭം തുടങ്ങിയെന്നും ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതിയോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.

## 2016 ആഗസ്റ്റ് 22-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2016 ആഗസ്റ്റ് 22-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ VA സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ബി. ഡി. ദേവസ്സി
2. ശ്രീ. എ. എൻ. ഷംസീർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ശ്യാംകുമാർ എസ്. പി., അണ്ടർ സെക്രട്ടറി

സമിതി, 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന അഭിപ്രായങ്ങളോടെ അംഗീകരിക്കുകയും ചെയ്തു.

1. 4406-01-800-91—<u>പരിസ്ഥിതി വിനോദ സഞ്ചാരം</u>

മേൽ ബഡ്ജറ്റ് ഹെഡ്ഡിലെ ശിപാർശയിൽ "തെന്മല, അതിരപ്പിള്ളി തുടങ്ങിയ വന്യമൃഗങ്ങൾ ധാരാളമുള്ള സ്ഥലങ്ങളിൽ ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും" എന്നുകൂടി ഉൾപ്പെടുത്താൻ സമിതി തീരുമാനിച്ചു.

2. 2406-01-800-56—<u>മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

മേൽ ഹെഡ്ഡിന്മേലുള്ള ചർച്ചയിൽ, പരിസ്ഥിതിലോല പ്രദേശം സംബന്ധിച്ച വിഷയം പ്രത്യേകമായി പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതിന് തീരുമാനിച്ചു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 7-9-2016-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി, 2016 സെപ്റ്റംബർ മാസം 7-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 12.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-A സമ്മേളനഹാളിൽ ബഹു. സമിതി ചെയർമാൻ, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.
2. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
3. ശ്രീ. റോജി. എം. ജോൺ, എം.എൽ.എ.
4. ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.
5. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ജി. ഹരികുമാർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ, വനം വകുപ്പ്.
2. ശ്രീ. ജി. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, വനം വകുപ്പ്.
3. ശ്രീ. കെ. ജെ. വർഗ്ഗീസ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം)
4. ശ്രീമതി ജി. ഗിരിജ കുമാരി, ഡെപ്യൂട്ടി സെക്രട്ടറി, വനം വകുപ്പ്.

സമിതിയുടെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്, 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ വനം വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട 1 മുതൽ 15 വരെയുള്ള ശിപാർശകളിന്മേൽ വകുപ്പിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകളും സമിതി പരിഗണിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. കരട് റിപ്പോർട്ട് പരിഗണന

2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2138/സബ്.സി.എഫ്1/2016/നി.സെ.)

II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ, തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 3425/സബ്.സി.എഫ്.1/2015/നി.സെ.)

സമിതിയുടെ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ വനം വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട 1 മുതൽ 15 വരെയുള്ള ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 1.15-ന് യോഗം പിരിഞ്ഞു.

## 24-10-2016-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X 2016 ഒക്ടോബർ 24-ാം തീയതി, തിങ്കളാഴ്ച വൈകുന്നേരം 4.30-ന് നിയമസഭാ സമുച്ചയത്തിലെ V-A സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.
3. ശ്രീ. റോജി എം. ജോൺ, എം.എൽ.എ.
4. ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.
5. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി.

2015-2016 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 21 മുതൽ 29 വരെയുള്ള ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയുംചെയ്തു. പ്രസ്തുത ശിപാർശകളും, നടപടി സ്റ്റേറ്റ്മെന്റുകളും ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സമിതി തീരുമാനിച്ചു

സമിതിയുടെ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ വനം വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട 1 മുതൽ 15 വരെയുള്ള ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകളും വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട 21 മുതൽ 29 വരെയുള്ള ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തി തയ്യാറാക്കിയ കരട് ആക്ഷൻടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 4.55-ന് പിരിഞ്ഞു.

## 7-12-2016-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2016 ഡിസംബർ 7-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5ഡി സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എസ്. രാജേന്ദ്രൻ, എം. എൽ. എ.
2. ശ്രീ. സണ്ണി ജോസഫ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി (വനം വന്യജീവി വകുപ്പ്)
2. ശ്രീ. എസ്. സി. ജോഷി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & എച്ച്. ഡി. എഫ്. എഫ്.
3. ശ്രീ. കെ. ജെ. വർഗ്ഗീസ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിനിസ്ട്രേഷൻ)
4. ശ്രീ. പി. കെ. കേശവൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് ലാന്റ് ആന്റ് റിസോഴ്സസ്)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം, വനസംരക്ഷണ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ, ഫോറസ്റ്റ് മേഖലയിൽ ഇക്കോടൂറിസം എന്നീ വിഷയങ്ങൾ സംബന്ധിച്ച് സമിതി വിശദമായ ചർച്ച നടത്തുകയുണ്ടായി.

പ്രസ്തുത വിഷയത്തിന്മേലുള്ള പ്രവർത്തന പുരോഗതിയെക്കുറിച്ച് ബഹു. സമിതി ചെയർമാൻ വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് ആരാഞ്ഞു. 1980-ൽ വനസംരക്ഷണ നിയമം നിലവിൽ വന്നതായും 1988-ൽ കേന്ദ്രഗവൺമെന്റ് ദേശീയ വന നയം നടപ്പാക്കിയതിന്റെ ഭാഗമായി കേരളത്തിൽ 1998 മുതൽ പങ്കാളിത്ത

വന പരിപാലനം നടപ്പിലാക്കി വരുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ വനത്തിനുള്ളിലെ പ്രവൃത്തികൾ തദ്ദേശവാസികളായ ആദിവാസികൾ/പട്ടികവർഗ്ഗക്കാർ/ നാട്ടുകാർ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് ചെയ്യുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. പ്രസ്തുത പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി (എഫ്.ഡി.എ.) രൂപീകരിക്കുകയുണ്ടായെന്നും വന്യമൃഗങ്ങൾ ധാരാളം ഉള്ള വനങ്ങളിൽ പ്രവർത്തിക്കുന്ന ഏജൻസി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (ഇ.ഡി.സി.) എന്ന പേരിലും, വന്യമൃഗങ്ങൾ ഇല്ലാത്ത വനപ്രദേശങ്ങളിലെ കമ്മിറ്റി വനസംരക്ഷണ സമിതി (വി.എസ്.എസ്.) എന്ന പേരിലും അറിയപ്പെടുന്നുവെന്നും കമ്മിറ്റി രൂപീകരണം, അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, അംഗങ്ങളുടെ പ്രവർത്തനരീതി എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരമാണ് പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനമെന്നും വനം വകുപ്പിന്റെ കണക്കു പ്രകാരം കഴിഞ്ഞ 20 വർഷമായി 400 ഓളം വനസംരക്ഷണ സമിതികളും 190 ഓളം ഇക്കോ-ഡെവലപ്മെന്റ് സമിതികളും രൂപീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു

വനമേഖലയിലെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള തദ്ദേശവാസികളായ ആദിവാസികൾ, പട്ടികവർഗ്ഗക്കാർ, നാട്ടുകാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഒരു കമ്മിറ്റി രൂപീകരിക്കുന്നതെന്നും, ആകെയുള്ള 590 കമ്മിറ്റികളും തെരഞ്ഞെടുത്ത സമിതികളാണെന്നും ഇവയുടെ മേൽനോട്ടത്തിൽ ഏകദേശം 1,86,019.63 ഹെക്ടർ വനഭൂമി സംരക്ഷിച്ചു വരുന്നതായും ആകെ 71503 കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ടെന്നും ഇവയിൽ 10524 എസ്.സി. കുടുംബങ്ങളും 19093 എസ്.ടി. കുടുംബങ്ങളും ഉൾപ്പെടുന്നുണ്ടെന്നും ഇതിലുൾപ്പെടുന്ന എസ്.ടി. വിഭാഗക്കാരെ അവരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളായ നൈറ്റ് പട്രോളിംഗിനും ഡേ പട്രോളിംഗിനുമാണ് കൂടുതലായി നിയോഗിക്കുന്നതെന്നും ഇതു കൂടാതെ വേനൽക്കാലങ്ങളിൽ ഫയർ ആക്സിഡന്റ് ഉണ്ടാകാൻ സാധ്യതയുള്ള സന്ദർഭങ്ങളിൽ അവ തടയുന്നതിനായി ഇവരുടെ സഹായത്തോടെയാണ് നടപടികൾ സ്വീകരിക്കുന്നതെന്നും ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് ഗൈഡുകളായും ഇവരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

കമ്മിറ്റികളുടെ എല്ലാ തരത്തിലുള്ള ജോലികളിലും ഇവരുടെ പങ്കാളിത്തം ഉറപ്പുവരുത്തി അതിലൂടെ അവർക്ക് തൊഴിലും നല്ലൊരു വരുമാനവും ഉറപ്പുവരുത്തുകയാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യമെന്നും കമ്മിറ്റികളിലുള്ള അംഗങ്ങൾക്ക് മാസത്തിൽ എല്ലാ ദിവസവും ജോലി കൊടുക്കാൻ സാധിക്കുന്നതുകൊണ്ട് നല്ല വരുമാനം ലഭിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പുതുതായി ഇക്കോടൂറിസം സൈറ്റുകൾ സെലക്ട് ചെയ്യുവെന്നും നിലവിൽ പ്രവർത്തിക്കുന്ന വാട്ടർഫാൾസ് ഏരിയകൾ, വന്യമൃഗകേന്ദ്രങ്ങൾ, തടാകങ്ങൾ എന്നിവ വികസിപ്പിച്ചെടുക്കുക എന്ന ഉദ്ദേശത്തോടെയാണ് വകുപ്പ് മുന്നോട്ടു പോകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

"വോളന്ററി ആന്റ് ഓപ്പൺ മെമ്പർഷിപ്പ്" എന്ന രീതിയിൽ അംഗത്വം നൽകണമെന്നും ജനപ്രതിനിധികൾ, പഞ്ചായത്ത് പ്രസിഡന്റ്, സ്ഥലത്തെ വാർഡ് മെമ്പർ എന്നിവരെക്കൂടി അംഗങ്ങളാക്കുകയാണെങ്കിൽ ഉത്തരവാദിത്തവും ചുമതലയും പങ്കാളിത്തവും വർദ്ധിക്കുമെന്നും, കണ്ണൂർ ജില്ലയിൽ നിലവിൽ ഒന്നോ രണ്ടോ കമ്മിറ്റികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളുവെന്നും ഒരു കിലോമീറ്റർ പരിധി ആകുമ്പോൾ കൂടുതൽ കമ്മിറ്റികൾ രൂപീകരിക്കാനാവുമെന്നും മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ തടയുന്നതിനായുള്ള ഇലക്ട്രിക് ഫെൻസിംഗിൽ ചെടികൾ പടർന്നുകയറി വൈദ്യുതി പ്രസരണം തടസ്സപ്പെടുന്ന സാഹചര്യങ്ങളിൽ ഇത് പുനഃസ്ഥാപിക്കുന്നതിനായി മെയിന്റനൻസ് പണികൾ ചെയ്യുന്നതിനായി പ്രസ്തുത കമ്മിറ്റികളെ ഏൽപ്പിക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഏകദേശം അറുന്നൂറോളം വനസംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്നവ അറുപതോ എഴുപതോ മാത്രമാണെന്നും വരുമാനമുണ്ടായാൽ മാത്രമേ ആളുകൾ അംഗത്വമെടുക്കുവാൻ മുന്നോട്ടു വരുകയുള്ളൂവെന്നും അതു സംബന്ധിച്ച് വിശദമായ ചർച്ച ആവശ്യമാണെന്നും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

ജനപ്രതിനിധികളെയും പഞ്ചായത്ത് പ്രസിഡന്റുമാരെയും എക്സ്-ഒഫിഷ്യോ എന്ന നിലയിൽ നിർബന്ധമായും കമ്മിറ്റികളിൽ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു

വനസംരക്ഷണ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വി.എസ്.എസിൽ നിന്ന് നാമനിർദേശം ചെയ്യുന്ന 9 അംഗങ്ങളുണ്ടെന്നും ഇതിന്റെ സെക്രട്ടറി വനംവകുപ്പിൽ നിന്നുള്ള ഗാർഡ്/ഫോറസ്റ്റർ ആണെന്നും അതാത് പഞ്ചായത്ത് മെമ്പറും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറും ഇതിന്റെ എക്സ്-ഒഫീഷ്യോ അംഗങ്ങളാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു

ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (ഇ.ഡി.സി.) നടത്തുന്ന വളരെ നല്ല രീതിയിൽ സാമ്പത്തിക ലാഭം നേടുന്ന സൊസൈറ്റികൾ ഉണ്ടെങ്കിലും ഈ സ്ഥാപനങ്ങളുടെ അഡ്മിനിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അഭിപ്രായം പറയാനുള്ള അവസരം പോലും ജനപ്രതിനിധികൾക്ക് ലഭിക്കുന്നില്ല എന്നത് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണെന്നും, ഒരു എക്സ്-ഒഫീഷ്യോ മെമ്പർ എന്ന നിലയ്ക്കല്ലാതെ ഇത്തരം

കാര്യങ്ങളിൽ ഇടപെടാൻ കഴിയുന്ന സാഹചര്യം രേഖാമൂലം ജനപ്രതിനിധികൾക്ക് ലഭ്യമാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ വനസംരക്ഷണ സമിതികളുടെ പ്രവർത്തനം ഫലപ്രദമായും ഗുണകരമായും ജനപങ്കാളിത്തത്തോടെയും മുന്നോട്ട് കൊണ്ടു പോകുന്നതിനും പ്രസ്തുത സ്ഥാപനങ്ങളുടെ നിലനിൽപ്പിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ജനപ്രതിനിധികൾക്ക് നിലവിൽ സാധിക്കുന്നില്ല എന്നത് അത്യന്തം ഗൗരവത്തോടെ കാണേണ്ട വിഷയമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇതിനുദാഹരണമായി ഇടമലക്കുടിയിലെ ഗിരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഒഴിവാക്കി ആ പ്രദേശത്തെ ഏലയ്ക്കാ ഉൾപ്പെടെയുള്ള വനത്തിലെ ഉൽപ്പന്നങ്ങളുടെ ശേഖരണം വനസംരക്ഷണ സമിതിയെ ഏൽപ്പിക്കുകയും പത്തര കോടി രൂപ സർക്കാർ പ്രസ്തുത പദ്ധതിയ്ക്കായി നൽകുകയും ചെയ്തുവെങ്കിലും ഇതിന്റെ 4 വർഷത്തെ ചരിത്രം പരിശോധിച്ചാൽ വളരെയധികം ക്രമക്കേടുകൾ നടന്നതായി മനസ്സിലാക്കാമെന്ന് സമിതി ചൂണ്ടിക്കാണിച്ചു. എന്നാൽ പാലക്കാടുള്ള വനസംരക്ഷണ സമിതി കുരുമുളക് ശേഖരിച്ച് എറണാകുളത്ത് കൊണ്ട് പോയി വിൽപ്പന നടത്തി ലാഭം നേടുന്നുണ്ടെന്നും ഇതിൽ നിന്നും പല സ്ഥലങ്ങളിലും നല്ല സാമ്പത്തിക നേട്ടം ഉണ്ടാക്കുന്ന വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ടെന്ന് മനസ്സിലാക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

വനസംരക്ഷണ സമിതികൾ എല്ലാം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനുള്ള ഉത്തരവാദിത്തം ആർക്കാണെന്ന് സമിതി ആരായുകയും അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ സമിതിക്ക് ആക്ഷൻ പ്ലാനോ മറ്റെന്തെങ്കിലും വിവരങ്ങളോ ലഭ്യമാക്കാൻ സബ്ജക്ട് കമ്മിറ്റി യോഗങ്ങളിൽ പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ഇത് സംബന്ധിച്ച് ഒരു നടപടിയും ഉണ്ടായിട്ടില്ല എന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

വട്ടവടയിലെ ചെക്ക്ഡാം വി.എസ്.എസ്./ഇ.ഡി.സി.-കളെ എൽപ്പിക്കുന്നതിനായി മുൻ മുഖ്യമന്ത്രി മുൻകൈയ്യെടുത്ത് പല പ്രാവശ്യം യോഗം ചേർന്നുവെങ്കിലും ഇതുവരെ ആയത് പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല എന്ന കാര്യവും സമിതി ചൂണ്ടിക്കാട്ടി.

വന സംരക്ഷണ സമിതിയുടെ ഘടന സംബന്ധിച്ച് സമിതി വീണ്ടും സംശയം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ വനസംരക്ഷണ സമിതികൾക്ക് ജനറൽ ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിങ്ങനെ 2 തരം കമ്മിറ്റികളുണ്ടെന്നും ഇതിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 9 അംഗങ്ങളുണ്ടെന്നും ഇവരാണ് ഇതിലെ ഔദ്യോഗിക അംഗങ്ങളെന്നും ഇതിൽനിന്ന് ഒരാളെയാണ് പ്രസിഡന്റായി തെരഞ്ഞെടുക്കുന്നതെന്നും വനത്തിൽ നിന്ന് നേരിട്ട് ആശ്രയമുള്ള കുടുംബങ്ങളിൽ നിന്ന് 6 പേരെയും പരോക്ഷാശ്രിതത്വമുള്ളവരിൽ നിന്ന് മൂന്ന് പേരെയുമാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എടുക്കുന്നതെന്നും 9 പേരിൽ മൂന്ന് പേർ നിർബന്ധമായും വനിതകളായിരിക്കണമെന്നും വനം വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ മറുപടി നൽകി.

വനസംരക്ഷണ സമിതികളെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളെയും ശക്തിപ്പെടുത്തുന്നതിനായി കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താവുന്നതാണെന്നും, സമിതി ശിപാർശ ചെയ്യുകയാണെങ്കിൽ ജി.ഒ. മോഡിഫൈ ചെയ്ത് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുമെന്നും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പ്രത്യാശ പ്രകടിപ്പിച്ചു

വി.എസ്.എസ്.-ന്റെ യോഗങ്ങളിൽ എക്സ് -ഒഫീഷ്യോ മെമ്പർമാർ എന്ന നിലയിൽ എം.എൽ.എ. യോ താഴെത്തട്ടിലുള്ള ജനപ്രതിനിധികളെയോ വിളിക്കാറില്ലെന്നും ഇത്തരം ഒരു ജനകീയ സമിതിയിൽ എം.എൽ.എ./എം.പി. മുതൽ താഴോട്ടുള്ള ജനപ്രതിനിധികൾക്ക് കൂടി പങ്കാളിത്തം നൽകുന്നത് വി.എസ്.എസ്.-ന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ സഹായകരമാകുമെന്നും പഞ്ചായത്ത് മെമ്പർമാരേയും പഞ്ചായത്ത് പ്രസിഡന്റിനേയും വനസംരക്ഷണ സമിതികളിൽ അംഗങ്ങളായി ഉൾപ്പെടുത്തണമെന്നും പ്രസ്തുത നിർദേശം നിയമസഭയിൽ സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന വനസംരക്ഷണ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്താവുന്നതാണെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

ഒരു വനം ഡിവിഷന്റെ കീഴിൽ വരുന്ന എല്ലാ വി.എസ്.എസ്.-കളും ഇ.ഡി.സി.-കളും പ്രവർത്തിക്കുന്നത് രജിസ്റ്റേർഡ് സൊസൈറ്റിയായ വനവികസന ഏജൻസി (Forest Development Agency)യുടെ കീഴിലാണെന്നും ഉദാഹരണമായി 10 വനസംരക്ഷണ സമിതികളാണ് ഒരു എഫ്.ഡി.എ.യുടെ കീഴിലുള്ളതെങ്കിൽ 10 വി.എസ്.എസ്. പ്രസിഡന്റുമാരിൽ നിന്ന് 5 പേരെ എഫ്.ഡി.എ.യിലേക്ക് തെരഞ്ഞെടുക്കുമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു

വി.എസ്.എസ്-ന്റെ ഏതെങ്കിലുമൊരു യോഗത്തിൽ പങ്കെടുക്കണമെന്ന് എം.എൽ.എ.മാർ ആവശ്യപ്പെട്ടാൽ അതിനുള്ള അവസരവും മീറ്റിംഗ് വിളിച്ചു കൂട്ടുന്നതിനുള്ള സ്വാതന്ത്ര്യവും നിലവിലുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, നിലവിൽ ഇങ്ങനെയൊരു സംവിധാനം ഇല്ലെന്നും സമിതിയുടെ നിർദ്ദേശമായി ഈ അഭിപ്രായം പരിഗണിക്കാവുന്നതാണെന്നും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി. കൂടാതെ, ഇ.ഡി.സി.യിലെ ഏതെങ്കിലും സൊസൈറ്റിയുടെ ആകെ വരുമാനം 1 കോടി രൂപയിൽ കൂടുതലാണെങ്കിൽ എ.ജി. ആഡിറ്റ് ചെയ്യണമെന്ന നിർദ്ദേശം പ്രാബല്യത്തിൽ വന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അത്തരം സൊസൈറ്റികളിൽ എ.ജി.യുടെ ഓഡിറ്റ് ആരംഭിച്ചിട്ടുണ്ടെന്നും ഇതുവഴി ഫണ്ട് ദുർവിനിയോഗം ചെയ്യുന്നത് ഒഴിവാക്കാൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

വി.എസ്.എസ്./ഇ.ഡി.സി.കളുടെ പ്രവർത്തനങ്ങൾക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിക്കാമെന്നുള്ള ഉത്തരവ് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.ചില വി.എസ്.എസ്.കൾക്ക് വളരെയധികം വരുമാനമുണ്ടെന്നും എന്നാൽ തുലോം വരുമാനമില്ലാത്ത വി.എസ്.എസുകളാണ് കൂടുതലെന്നും, ഇത്തരത്തിൽ വരുമാനം കുറഞ്ഞ വി.എസ്.എസ്.-കളെ സഹായിക്കുന്നതിനായി വരുമാനം കൂടുതലുള്ള വി.എസ്.എസ്.-കളുടെ ഫണ്ട് കൈമാറ്റം ചെയ്യുവാനുള്ള ഒരു സംവിധാനം ഉണ്ടാകേണ്ടതാണെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

ഒരു സൊസൈറ്റിയായി പ്രവർത്തിക്കുന്ന 36 എഫ്.സി.എ.യുണ്ടെന്നും ഈ അപ്പെക്സ് ബോഡിയുടെ കീഴിലാണ് ഏകദേശം 600 ഓളം വി.എസ്.എസ്./ ഇ.ഡി.സി.കൾ പ്രവർത്തിക്കുന്നതെന്നും ഇതിന്റെ പ്രവർത്തനത്തിനായി റിവർ പ്രൊട്ടക്ഷൻ ഫണ്ടിന്റെ മാതൃകയിൽ ഫണ്ടുണ്ടെന്നും ഇതിൽ എല്ലാ തുകകളും വരുന്നുവെന്നും ഈ ഫണ്ട് മുഴുവൻ അതാത് ഏരിയയിലുള്ള ആളുകളുടെ ശമ്പളത്തിനും ടൂറിസത്തിനും വേണ്ടിയാണ് ഉപയോഗിക്കുന്നതെന്നും എന്നാൽ അത്യാവശ്യത്തിന് ഇതിൽ നിന്നും കുറഞ്ഞ തുക മറ്റൊരു സൊസൈറ്റിക്ക് നൽകുവാൻ കഴിയുമെങ്കിലും ലാഭകരമായി പ്രവർത്തിക്കുന്ന സൊസൈറ്റികളുടെ പണം സ്ഥിരമായി ലാഭകരമല്ലാത്ത സൊസൈറ്റികളുടെ പ്രവർത്തന ങ്ങൾക്കായി നൽകണമെന്ന നിർദ്ദേശം നടപ്പിൽ വരുത്താൻ പ്രായോഗികബുദ്ധിമുട്ടുണ്ടെന്ന് വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

വനസംരക്ഷണ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വകുപ്പിന്റെ ഫണ്ടും കൂടി വിനിയോഗിക്കാൻ കഴിയുമോയെന്ന സാധ്യതയെക്കുറിച്ച് പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

വൈദ്യുതി എത്തിച്ചേരാത്ത ധാരാളം ജലലഭ്യതയുള്ള സ്ഥലങ്ങളിൽ (ട്രൈബൽ കോളനികളിൽ) റോട്ടറി ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് വൈദ്യുത ക്ഷാമം പരിഹരിക്കുന്നുണ്ടെന്നും അതോടൊപ്പം വീടുകളിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുകയാണെങ്കിൽ അതുവഴി ഇ.ഡി.സി.-ക്ക് വരുമാനം ഉണ്ടാക്കാൻ സാധിക്കുമെന്നും സമിതി വ്യക്തമാക്കി.

ഇത്തരം വിഷയങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനുള്ള അവസരം എം.എൽ.എ.മാർക്ക് അസംബ്ലിയിൽ ലഭിക്കുന്നില്ലെന്നും, യോഗത്തിൽ സമിതിയിലെ എല്ലാ അംഗങ്ങളും ഹാജരുണ്ടായിരുന്നുവെങ്കിൽ കുറേക്കൂടി ഫലപ്രദമായ തീരുമാനങ്ങൾ കൈക്കൊള്ളാനാകുമായിരുന്നുവെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു.

സമിതിയിലെ അംഗങ്ങളെല്ലാവരും വനാതിർത്തിയിലുള്ളവരല്ലാത്തതിനാൽ വനസംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും

ജാഗ്രതാ സമിതികളെക്കുറിച്ചും വനാതിർത്തിയിലുള്ള ജനപ്രതിനിധികളുമായി ചർച്ച ചെയ്യുന്നതും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഇ.ഡി.സി.മേഖല സന്ദർശിക്കുന്നതും ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ആദ്യമായി പവർ ജനറേഷൻ ആരംഭിച്ച 'ഏലംപീഠിക' നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഇ.ഡി.സി. മേഖലയാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു. തടി വിൽപ്പനയിലൂടെ വനം വകുപ്പിന് ലഭിക്കുന്ന വരുമാനം എത്രയാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി ടിമ്പർ വുഡ്, സാൻഡൽ വുഡ് എന്നിവയിൽ നിന്നുള്ള വരുമാനമായി ഏകദേശം 400 കോടി രൂപ ലഭിക്കുന്നുണ്ടെന്ന് വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വനസംരക്ഷണ സമിതികൾ ശക്തിപ്പെടുത്തുന്നതിനും, പ്രാവർത്തികമാക്കുന്നതിനും പല സംവിധാനങ്ങളും നിലവിലുണ്ടെന്നും, ഉദാഹരണമായി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പതിനാല് ജില്ലാ ഓഫീസർമാരും അംഗങ്ങളാണെന്നും ഇവരൊക്കെ മീറ്റിംഗിന് വരാറുണ്ടെങ്കിലും പല വകുപ്പുകൾക്കും വന മേഖലയിൽ സ്കീം നടത്തുന്നതിന് സൗകര്യമില്ല എന്നും വനസംരക്ഷണ സമിതികൾ അതിനുള്ള നല്ല മാർഗ്ഗമാണെന്നും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു.

590-ഓളം വി.എസ്.എസ്./ഇ.ഡി.സി.-കളുള്ളതിൽ അറുപതെണ്ണത്തിന് ഒരു പ്രശ്നവും ഇല്ലെന്നും, ഇവിടെയെല്ലാം 365 ദിവസവും ജോലി കൊടുക്കാൻ സാധിക്കുന്നുണ്ടെന്നും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വനംവകുപ്പ് ഭരണതലത്തിൽ പരിശീലനം നൽകുന്നില്ലെന്നതാണ് കാതലായ പ്രശ്നമായി വിലയിരുത്തപ്പെടുന്നതെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടതിനു മറുപടിയായി, 1988 മുതൽ 2002 വരെയുള്ള കാലയളവിൽ ഉണ്ടായിരുന്ന വേൾഡ് ബാങ്കിന്റെ ഒരു പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് ഏറ്റവും കൂടുതൽ വി.എസ്.എസ്.-കൾ നിലവിൽ വന്നതെന്നും അക്കാലങ്ങളിൽ അവർക്ക് ട്രെയിനിംഗ് നൽകിയിരുന്നുവെന്നും, ട്രെയിനിംഗ് ലഭിച്ചവരെല്ലാം പ്രൊമോഷൻ ലഭിച്ച് പോയിയെന്നും ഇപ്പോഴുള്ള സെക്രട്ടറിമാരെല്ലാം പുതിയതായി നിയമിതരായവരാണെന്നും ഇവർക്ക് മറ്റ് ജോലിയുടെ കൂടെയാണ് ഇതിന്റെ ചാർജ്ജും നൽകിയിരിക്കുന്നതെന്നും അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി. ഭരണസമിതിയിലേക്ക് വരുന്ന ഫോറസ്റ്റ് കമ്മ്യൂണിറ്റിയിലെ അംഗങ്ങളായവർക്കും, പ്രസിഡന്റ്, ട്രഷറർ, വൈസ് പ്രസിഡന്റ് , വനിത എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർക്കും ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാമെന്ന് അദ്ദേഹം ഉറപ്പുനൽകി.

വനസംരക്ഷണ സമിതികളുടെ ചെലവ് കഴിഞ്ഞുള്ള ബാക്കിഫണ്ട് എവിടെയാണ് സൂക്ഷിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് ഗവൺമെന്റിലേക്ക് പോകുന്നില്ലെന്നും, അത് ഇക്കോട്ടൂറിസം പ്രോജക്ടിനായി വിനിയോഗിക്കുന്നുണ്ടെന്നും കൂടാതെ ശമ്പളത്തിനായും ഉപയോഗിക്കുന്നുണ്ടെന്നും വനംവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. കൂടാതെ ഇക്കോട്ടൂറിസമുള്ള സ്ഥലങ്ങളിലെ കളക്ഷൻ മുഴുവൻ ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസിയുടെ അക്കൗണ്ടിലേയ്ക്ക് പോകുമെന്നും പിന്നീട് ചെലവിനുള്ള തുക അവരാണ് വി.എസ്.എസ്. -ന് നൽകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

കേരളത്തിൽ നിലവിലുള്ള 948 ഗ്രാമപഞ്ചായത്തുകളിൽ ഏകദേശം 500-ൽ താഴെ പഞ്ചായത്തുകൾ മാത്രമാണ് ജനവാസമേഖലയുമായി വനാതിർത്തി പങ്കിടുന്നതെന്നും, ആയതിനാൽ ചുവടെ ചേർക്കുന്ന തരത്തിൽ പഞ്ചായത്തുതല ജാഗ്രതാസമിതികൾ രൂപീകരിക്കണമെന്ന് ബഹു. സമിതി ചെയർമാൻ നിർദ്ദേശിച്ചു:

1. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
2. ഗ്രാമപഞ്ചായത്ത് പരിധിയിൽവരുന്ന വനമേഖലകളുടെ ചാർജ്ജുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
3. മേഖലയിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു വ്യക്തി
4. വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്പ്മെന്റ് സമിതിയിലെ ഒരു അംഗം.

പഞ്ചായത്തുതല ജാഗ്രതാ സമിതിയിൽ പ്രസ്തുത നിർദ്ദേശപ്രകാരമുള്ള നാല് അംഗങ്ങൾ മതിയാകില്ലെന്നും, പഞ്ചായത്ത് പ്രസിഡന്റ് സമിതിയിലെ അംഗമായിരിക്കണമെന്നും കമ്മിറ്റിയിൽ പ്രസിഡന്റും, വൈസ് പ്രസിഡന്റും ഉണ്ടാകണമെന്നും പഞ്ചായത്തിലെ പ്രഥമ പൗരന്മാരിൽ ഒരു പുരുഷനും ഒരു വനിതയും ജാഗ്രതാ സമിതിയിൽ ഉൾപ്പെടണമെന്നും, പഞ്ചായത്തിലെ വനാതിർത്തി വരുന്ന വാർഡുകൾക്കെല്ലാം സമിതിയിൽ പ്രാതിനിധ്യമുണ്ടാകണമെന്നും സമിതിയിലേക്ക് ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറെ നിയമിക്കണമെന്നും ഒരു റെയ്ഞ്ച് ഓഫീസറെയോ, ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസറെയോ ഉൾപ്പെടുത്തണമെന്നും തുടങ്ങി നിരവധി അഭിപ്രായങ്ങൾ അംഗങ്ങളിൽ നിന്നും വനംവകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും ഉണ്ടായ സാഹചര്യത്തിൽ പറമ്പിക്കുളത്ത് ചേരുന്ന ജനുവരി 21-ാം തീയതിയിലെ യോഗത്തിൽ ഇതുസംബന്ധിച്ച് വിശദമായ ചർച്ച നടത്തി ധാരണയുണ്ടാക്കാമെന്ന് സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ കർഷകർക്ക് ബുദ്ധിമുട്ടുണ്ടെന്ന് വിലയിരുത്തിയ സമിതി, കാട്ടുപന്നികൾ ജനങ്ങൾക്ക് കൂടുതൽ

ശല്യമുണ്ടാക്കുന്നതിനാൽ അവയെ 'വെർമിൻ' കാറ്റഗറിയിൽ ഉൾപ്പെടുത്തി ഷെഡ്യൂൾ അഞ്ചിൽ ചേർക്കുന്നതിനായി എത്രയുംവേഗം കേന്ദ്രസർക്കാരിന് കത്തയയ്ക്കുവാൻ വകുപ്പിനോട് നിർദ്ദേശിച്ചു.

വനസംരക്ഷണസമിതിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ജാഗ്രതാസമിതികളെക്കുറിച്ചും വിശദമായി ചർച്ചചെയ്യുന്നതിനായി വനാതിർത്തിയിലുള്ള എം.എൽ.എ.മാരെ ഉൾക്കൊള്ളിച്ചുകൊണ്ട് 21-1-2017-ന് പറമ്പിക്കുളത്തുവച്ച് യോഗം ചേരാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം വൈകുന്നേരം 3.50-ന് പിരിഞ്ഞു.

## 2017 മാർച്ച് 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി X, 2017 മാർച്ച് 27-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-A സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എൽദോ എബ്രഹാം
2. ശ്രീ. എസ്. രാജേന്ദ്രൻ
3. ശ്രീ. റോജി എം. ജോൺ
4. ശ്രീ. എ. എൻ. ഷംസീർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം.ജി. വിജയൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.
2. ശ്രീ. വി. എസ്. സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.
3. ശ്രീ. എസ്. സി. ജോഷി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
4. ശ്രീ. ജി. ഹരികുമാർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ് ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ)
5. ശ്രീ. കെ. ജെ. വർഗ്ഗീസ്, പ്രിൻസിപ്പൽ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എഫ്.എം.)
6. ശ്രീ. പി. കെ. കേശവൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡബ്ല്യൂ.പി.&ആർ.)

7. ശ്രീ. പി. കെ. പതക്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എസ്.എഫ്.)

8. ശ്രീമതി പത്മ മഹന്തി, ഡയറക്ടർ ഓഫ് എൺവയോൺമെന്റ് ആൻറ് ക്ലൈമാറ്റിക് ചേഞ്ചസ്.

9. ഡോ. ഉമ്മൻ വി. ഉമ്മൻ, ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്.

10. ഡോ. ദിനേശൻ ചെറുവാട്ട്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്.

11. ശ്രീ. കെ. എസ്. ഗോവിന്ദൻ നായർ, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്.

12. ശ്രീമതി സാധന എസ്. നായർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

13. ശ്രീ. എ. ദീലീപ് കുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

14. ശ്രീമതി വി. ടി. ലൗലി, ചീഫ് എൺവയോൺമെന്റ് എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

15. ശ്രീമതി വി. ആർ. ശോഭ, ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് എൺവയോൺമെന്റ് ആൻറ് ക്ലൈമാറ്റിക് ചേഞ്ചസ്.

സമിതി, 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള വനം, പരിസ്ഥിതി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട XXXIV (വനം), XVII (പരിസ്ഥിതി) XX (മലിനീകരണ നിയന്ത്രണ ബോർഡ്) എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ ശീർഷകങ്ങൾ പരിഗണിക്കുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുംപ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ XXXIV—വനം വകുപ്പ്

ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ വനവിസ്തൃതിയുള്ള സംസ്ഥാനമായ കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 29.01% വനങ്ങളാണെന്നും ആയതിനാൽ പ്രധാനമായും വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന പരിപാടികളാണ് നടപ്പുവർഷം ലക്ഷ്യമിടുന്നതെന്നും പ്ലാൻഫണ്ട് ഇനത്തിൽ വനംവകുപ്പിന് അനുവദിച്ചിരിക്കുന്നത് 305 കോടി രൂപയാണെന്നും ഇതിൽ 237.50 കോടി രൂപ സംസ്ഥാനവിഹിതവും 67.50 കോടി രൂപ കേന്ദ്രവിഹിതവുമാണെന്നും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആമുഖമായി സമിതിയെ അറിയിച്ചു.

വനം വകുപ്പുമായി ബന്ധപ്പെട്ട നിലവിലെ പ്രധാന വിഷയങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞതിന്മേൽ വകുപ്പുസെക്രട്ടറി ചുവടെ ചേർക്കും പ്രകാരം മറുപടി നൽകുകയുണ്ടായി :

"ഹരിത കേരളം" പദ്ധതി പ്രകാരം എല്ലാ പഞ്ചായത്തുകളിലും തൈവിതരണം നടത്തുന്നതിനായി ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് വിതരണം ചെയ്യുന്നതിനായി 70 ലക്ഷം വൃക്ഷതൈകൾ തയ്യാറാക്കിയിട്ടുണ്ടെന്നും ഈ വർഷം സ്കൂളുകളും കോളേജുകളും മുഖേനയുള്ള വിതരണം കുറയ്ക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള വിതരണം വ്യാപിപ്പിക്കുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നതെന്നും വനസംരക്ഷണം, നശിച്ചുപോയ വനത്തിനു പകരം വനം വച്ചുപിടിപ്പിക്കൽ, ഔഷധ സസ്യപരിപാലനവും തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും, അടിസ്ഥാന സൗകര്യവികസനം, ജൈവവൈവിധ്യ സംരക്ഷണം, സംരക്ഷിത പ്രദേശ പരിപാലനം, പരിസ്ഥിതി വികസന പരിപാടി തുടങ്ങിയ പദ്ധതികൾക്കായാണ് നടപ്പുവർഷം ബഡ്ജറ്റ് വിഹിതം ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നത്.

രൂക്ഷമായ വരൾച്ച മുന്നിൽ കണ്ട് പരമാവധി ജലം ശേഖരിക്കുന്നതിന് ഉൾവനങ്ങളിൽ മഴക്കുഴികൾ, മഴവെള്ള സംഭരണികൾ എന്നിവ നിർമ്മിക്കുന്നതാണെന്നും വെള്ളത്തിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടത് അനിവാര്യമായതിനാൽ വനാതിർത്തികളിലുള്ള ജലസ്രോതസ്സ് സംരക്ഷിക്കുന്ന പ്രവർത്തികൾക്കായി പഞ്ചായത്തുകളുടെ സേവനം ആവശ്യപ്പെടാവുന്നതാണെന്നും, ഉൾവനങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് സഹായം നൽകാൻ പഞ്ചായത്തുകൾ മുന്നോട്ടു വരുന്നില്ലെന്നും ഇതിന് തയ്യാറുള്ള പഞ്ചായത്തുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതാണെന്നും വനസംരക്ഷണത്തിനായി ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും വനാതിർത്തികളിൽ താമസിക്കുന്ന മനുഷ്യരുടെ ജീവനും കന്നുകാലികൾക്കും വിളകൾക്കും വന്യമൃഗങ്ങളിൽ നിന്നും നാശനഷ്ടങ്ങൾ സംഭവിക്കാതിരിക്കാൻ സോളാർ ഫെൻസിംഗ് ചെയ്തിട്ടുണ്ടെന്നും 44000 ഹെക്ടർ വനത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും വനംവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തുടർന്നറിയിച്ചു.

വനപ്രദേശങ്ങളിലുള്ള ജലാശയങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം പാരിസ്ഥിതിക സന്തുലിതാവസ്ഥയിൽ പ്രസക്തമായ പങ്കു വഹിക്കുന്ന കാവുകളും കുളങ്ങളും നീർത്തടങ്ങളും സംരക്ഷിക്കപ്പെടേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർ ഓരോ വർഷവും നൽകുന്ന പരസ്യം മുഖേന ലഭിക്കുന്ന അപേക്ഷകളിൽ നിന്നും ഓരോ ജില്ലയിലെയും ശരാശരി പത്ത് കാവുകൾ സംരക്ഷിക്കുകയാണ് നിലവിൽ ചെയ്യുന്നതെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്

ഫോറസ്റ്റ് സമിതിയെ അറിയിച്ചു. ഫോറസ്റ്റ് ഏരിയയ്ക്ക് പുറത്തുള്ള കാവുകളും കുളങ്ങളും കൂടി ഈ പദ്ധതിയുടെ ഭാഗമായി സംരക്ഷിക്കപ്പെടേണ്ടതാണെന്ന് അഭിപ്രായപ്പെട്ട സമിതി, സെലക്ഷൻ പ്രോസസ്സും, ഡിസ്ട്രിബ്യൂഷനും സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ നടപടിക്രമം തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചു.

വനവല്ക്കരണം കാര്യക്ഷമമാക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകണമെന്നും വനത്തിനുള്ളിൽ യൂക്കാലിയും മാഞ്ചിയവും വച്ചുപിടിപ്പിക്കുന്നതിന് പകരം ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു

മൂവാറ്റുപുഴ-കാക്കനാട് റോഡ് 30 മീറ്റർ നീളത്തിൽ നാലുവരി പാതയാക്കുന്നതിനായി ഫോറസ്റ്റിന്റെ കുറച്ച് സ്ഥലം ആവശ്യമാണെന്നും ഇതിനായി ഏറ്റെടുക്കുന്ന വനഭൂമിക്ക് പകരം റവന്യൂ ഭൂമി നൽകിയാൽ പ്രശ്നം പരിഹരിക്കാനാവുമോ എന്ന് സമിതി ആരാഞ്ഞതിന്, പ്രൊപ്പോസൽ നൽകിയാൽ ഇക്കാര്യം പരിശോധിക്കാമെന്ന് വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നടപ്പുവർഷം ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയിരിക്കുന്ന ദേവികുളത്ത് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ബൊട്ടാണിക്കൽ ഗാർഡന്റെ നിർമ്മാണപ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് സമിതി ആരാഞ്ഞതിന്, ലാന്റ് ബോർഡ് കമ്മീഷണർ സ്ഥലപരിശോധന നടത്തി ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും, സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതാണെന്നും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു

വനംവകുപ്പ് നടപ്പുവർഷം ലക്ഷ്യമിടുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്ലാൻ ഹെഡ്ഡിലെ സബ്മേജർ, മൈനർ ഹെഡ്ഡുകളിൽ നാല് ഇനങ്ങളിലും നോൺ പ്ലാൻ ഹെഡ്ഡിലെ സബ്മേജർ, മൈനർ ഹെഡ്ഡുകളിലെ അഞ്ച് ഇനങ്ങളിലും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തി.

4406-01-101-99(1)—<u>വനസംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും)</u>

വനസംരക്ഷണത്തിനും സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനുമായി ഫലപ്രദമായ സംരക്ഷണ നടപടികൾ ആവശ്യമാണെന്നും ആയതിലേക്കായി നിലവിലുള്ള പദ്ധതികൾ കൂടാതെ നടപ്പുവർഷം പുതുതായി 25 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ സമിതി, ഈ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

4406-01-800-91—പരിസ്ഥിതി വിനോദസഞ്ചാരം (ഇക്കോ ടൂറിസം)

വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾക്കും ദേശീയ പാർക്കുകൾക്കും പുറത്തുള്ള പ്രദേശങ്ങളിലും ചുറ്റുപാടുമുള്ള വനപ്രദേശങ്ങളിലും വനസംരക്ഷണ സമിതി പോലുള്ള വിവിധ ഗ്രൂപ്പുകളിൽ പരിസ്ഥിതി വിനോദസഞ്ചാരത്തെക്കുറിച്ച് അവബോധം വളർത്തി പരിസ്ഥിതി സംരക്ഷണത്തെ സഹായിക്കുക, സന്ദർശകരുടെ സ്വാധീനം പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ടൂറിസം പരിപാലിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക തുടങ്ങിയ പദ്ധതികൾക്കും നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച തിരുവനന്തപുരം ജില്ലയിലെ കളത്തുപ്പുഴയിലെ ഫോറസ്റ്റ് മ്യൂസിയത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ച 900 ലക്ഷം രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2406-02-110-48—പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ ഗവേഷണകേന്ദ്രം

തൃശ്ശൂർ മൃഗശാലയിലെ പക്ഷികളെയും മൃഗങ്ങളെയും കൂടുതൽ സ്ഥലസൗകര്യമുള്ള വനം വകുപ്പിന്റെ തൃശ്ശൂർ ഡിവിഷന്റെ കീഴിലെ പട്ടിക്കാട് റെയ്ഞ്ചിലുൾപ്പെട്ട പുത്തൂർ വനഭൂമിയിലെ 136 ഹെക്ടർ പ്രദേശത്ത് പുതുതായി ആരംഭിക്കുന്ന സുവോളജിക്കൽ പാർക്കിലേക്ക് മാറ്റി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, 4 വർഷം കൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി നടപ്പുവർഷം അനുവദിച്ച 500 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ അധികമായി 1500 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2406-02-110-56—പരിസ്ഥിതി വികസന പരിപാടി

വനവിഭവ പരിപാലനത്തിന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം നടത്തുക, സംരക്ഷിത പ്രദേശങ്ങളിൽ പരിസ്ഥിതി വികസന പരിപാടികൾ നടപ്പിലാക്കുക തുടങ്ങി നിരവധി പദ്ധതികളാണ് പരിസ്ഥിതി വികസന പരിപാടിയിലൂടെ ലക്ഷ്യമിടുന്നതെന്നും പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി കാവുകളും കുളങ്ങളും സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത മുൻനിർത്തി എല്ലാ ജില്ലകളിലെയും കാവുകളും കുളങ്ങളും ഘട്ടംഘട്ടമായി പുനരുദ്ധരിക്കുന്നതിനുമായി നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ച 350 ലക്ഷം രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, 350 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2406-01-800-56—<u>മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ നൽകിവരുന്ന തുക പരിമിതമായതിനാൽ ആയത് കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതിനാൽ പ്രസ്തുത തുക 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാര തുക അപര്യാപ്തമായതിനാൽ ആയത് വർദ്ധിപ്പിക്കേണ്ടതാണെന്നും എന്നാൽ അത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്നതിനാൽ വന്യമൃഗങ്ങൾമൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് മുഴുവൻ നഷ്ടപരിഹാരവും നൽകുന്നതിനായി സർക്കാർ തലത്തിൽ നിശ്ചിത പ്രീമിയം തുക ഒറ്റത്തവണയായി അടച്ച് ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നോൺ പ്ലാനിനത്തിൽ ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ജില്ലാ ഓഫീസുകളിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനും യാത്രാബത്ത കുടിശ്ശിക തീർക്കുന്നതിനുമായി 10 ലക്ഷം രൂപ വീതം ഓരോയിനത്തിലും അധികമായി അനുവദിക്കണമെന്നും വിജിലൻസും വിലയിരുത്തലും വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റബത്ത ഇനത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ ചീഫ് കൺസർവേറ്ററുടെ ആഫീസിലേയ്ക്ക് കോമ്പസിറ്റ് ട്രാൻസ്ഫർ ഗ്രാന്റിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXXIV—കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ്**

2406-02-110-59-31 <u>ശമ്പളം (നോൺ പ്ലാൻ)</u>

2406-02-110-59-36 <u>ശമ്പളേതരം (നോൺപ്ലാൻ)</u>

മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ബോർഡിലെ ജീവനക്കാരുടെ ശമ്പളത്തിനും ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കും അലവൻസുകൾക്കും ബോർഡിലെ മറ്റ് ചെലവുകൾക്കും വിനിയോഗിക്കുന്നതിന്

തികച്ചും അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 2406-02-110-59-31-ശമ്പളം എന്ന ശീർഷകത്തിൽ 54,73,528 രൂപയും, വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവ വർദ്ധിച്ചതിനാൽ 2406-02-110-59-36 ശമ്പളേതരം എന്ന ശീർഷകത്തിൽ 17,20,000 രൂപയും ഉൾപ്പെടെ പദ്ധതിയേതര ഇനത്തിൽ ആകെ 71.93 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

യോഗം ഉച്ചയ്ക്കുശേഷം 3.40-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.